മാനേജിംഗ്ഗ് എഡിററർ:—എം. ഹലീമാ ബീവി.

വനിത

ഭാരതചന്ദ്രിക

കേരളത്തിലെ ഒന്നാം കിടയിലുള്ള എഴുത്തുകാരുടെ തൂലികാവിലാസം കണ്ടു കണ്ണും കരളും കുളിപ്പിക്കുക! എല്ലാ വിഷയങ്ങളേയും അധികരിച്ചുള്ള സുധീരവും സുവ്യക്തവുമായ ആധുനാധുനാ വീക്ഷണങ്ങൾ, ചിന്തകൾ, വിമർശനങ്ങൾ, വിജ്ഞാനവും വിനോദവും തുളുമ്പുന്ന സരസലേഖനങ്ങൾ, ചിന്തോദ്ദീപകവും, സൗന്ദര്യസമ്പന്നവുമായ തൂലികാചിത്രങ്ങൾ, വിശിഷ്ടവും ആദർശപരവുമായ ചെറുകഥകൾ, ഏകാങ്കനാടകങ്ങൾ, കവിതകൾ, ജീവചരിത്രങ്ങൾ വായിച്ചു രസിക്കണമെങ്കിൽ ഭാരതചന്ദ്രികയുടെ വരിക്കാരായി ചേരുവിൻ!

പരസ്യക്കാർക്ക്

ഏററവും പററിയ അവസരം. വ്യവസായാഭിവൃദ്ധിക്ക് ഭാരതചന്ദ്രികയിലെ പരസ്യം പ്രയോജനപ്പെടുമോ എന്ന് ഒരിക്കൽ പരിക്ഷിക്കുക.

ഏജൻറന്മാർ

മുൻകൂർ പണം അടച്ച് ഏജൻസി എടുക്കാൻ തയാറുള്ള ഏജൻറന്മാർക്ക് ആകർഷണീയമായ കമ്മീഷൻ ലഭിക്കുന്നതാണ്. കൂടുതൽ വിവരത്തിന് എഴുതി ചോദിക്കുക.

വരിസംഖ്യ അഞ്ചലിൽ ൩ ക. പോസ്റ്റിൽ ൧ ക. ഒററപ്രതി ൨ ണ.

മാനേജർ, ഭാരതചന്ദ്രിക തിരുവല്ലാ.

രണ്ടുരത്നങ്ങൾ

൧. മന്മഥചിന്താമണിലേഹ്യം:—ഇതു് പുരുഷന്മാൎക്കു് ധാതു സംബന്ധമായുണ്ടാകുന്ന എല്ലാവിധ രോഗങ്ങളേയും ഉന്മൂലനാശംചെയ്തു് ശരീരത്തിനു നല്ല ഓജസ്സും, തേജസ്സുമുണ്ടാക്കുന്നു. ധാതുക്ഷയത്താലോ മറ്റേതെങ്കിലും സുഖക്കേടുകളാലോ ശരീരം മെലിഞ്ഞു് കണ്ണുകുഴിഞ്ഞു് നടക്കാൻപോലും ശക്തിയില്ലാതെ അസ്ഥിയും തോലും മാത്രം ശേഷിച്ചു് മനസ്സിടിഞ്ഞു് കഷ്ടപ്പെടുന്നവൎക്കു് ഇതൊരു ആവൽബന്ധുവാണു്. സ്വപ്നസ്ഖലനം, ശീഘ്രസ്ഖലനം, ധാതുക്ഷയം മുതലായ സുഖക്കേടുകളാൽ നിരാശപ്പെട്ടു് മനസ്സിടിഞ്ഞു് ലജ്ജകൊണ്ടു്. വെളിയിൽ പറയാൻ മനസ്സില്ലാതെ വലയുന്നവൎക്കു് ഇതൊരു ദിവ്യാമൃതമാകുന്നു.

പരീക്ഷിച്ചുനോക്കുവിൻ!! റാത്തൽ ഒന്നിനു് വില 4—8—0,

൨. അശോകഘൃതം:—ഗൎഭാശയരോഗങ്ങൾ നിസ്സാരമെന്നു കരുതി രഹസ്യമായി സൂക്ഷിക്ക കാരണം ദുസ്സഹമായ സങ്കടത്തിന്നിടവരികയും പ്രസവിക്കാതിരിക്കയും, ഗൎഭം ധരിച്ചാൽ തന്നെ അലസ്സിപ്പോകയും ചെയ്യുന്നു. മുറ തെറ്റിയ മാസക്കുളി (തീണ്ടാരി), ശരിയായി ദുഷ്ടു് പോകാതിരിക്ക, അസഹ്യമായ വയറുവേദന, തലവേദന, മലബന്ധം, തുടകഴപ്പു് തുടങ്ങിയവ ഗൎഭാശയരോഗലക്ഷണങ്ങളാകുന്നു. ഞങ്ങളുടെ ലോകപ്രസിദ്ധി നേടിയ "അശോകഘൃതം" മേൽപറഞ്ഞ സുഖക്കേടുകൾ നിമിത്തം കഷ്ടപ്പെടുന്നവൎക്കു് ഒരുറ്റ ബന്ധുവും ഗൎഭാശയരോഗങ്ങൾക്കു് കൈകണ്ട ഔഷധവുമാകുന്നു. സന്താനമില്ലാതെ സന്തോഷരഹിതരായി ജീവിക്കുന്ന സഹോദരികൾ ഇതിൽ ഒരു കുപ്പി ഔഷധം വരുത്തി ഉപയോഗിച്ചു നോക്കുവിൻ. ഗുണം നിശ്ചയം വില ക. 2—8—0.

നരച്ചരോമം കറുക്കും തൈലം	കുപ്പി 1-നു്	രൂ.	1	4	0
വില്ലൻചുമ മരുന്നു്	ഡപ്പി 1-നു്	രൂ.	1	4	0
പുഴുക്കടി നിവാരണി	കുപ്പി 1-നു്	അണ	0	10	0
വ്രണക്കുഴമ്പു്	കുപ്പി 1-നു്	അണ	0	10	0

ക്യാററ്ലാഗു് ഇനാം! റോസ് മെഡിക്കൽ ഹാൾ,

പുത്തൻചന്ത, തിരുവനന്തപുരം.

സനാതന വൈദ്യശാല,

കുറുപ്പംപടി

ബ്രാഞ്ചുകൾ:—മാതിരപ്പള്ളി, വാളകം, പുത്തൻകുരിശു്, കോതമംഗലം.

വൈദ്യൻ, പി. എൻ. ദാമോദരൻ നമ്പൂതിരി.

നാരസിംഹരസായനം

രസായനവാജീകരപ്രയോഗങ്ങളിൽ ഏറ്റവും പ്രാധാന്യമുള്ളതും അവയവസ്ഥൈൎയ്യം, ബലം, നിറം മുതലായവയെ വൎദ്ധിപ്പിച്ചു് ആരോഗ്യത്തെ നിലനിറുത്തുന്നതും തലമുടിക്കു നല്ല കറുത്ത നിറത്തെ പ്രദാനം ചെയ്യുന്നതും ജരാനരകളേ പരിഹരിക്കുന്നതുമായ ഒരു ദിവ്യൌഷധമാണിതു്.

The Vanitha

"വനിത" ചെറുകഥാമാസിക

VOL. 7. | NO. 7.

പ്രതീക്ഷ

(എം. തങ്കമ്മവർഗ്ഗീസ്, വിദുഷി ഓണേഴ്സ്)

അന്നവിടെ ഒരു കോലാഹലമായിരുന്നു. രമയുടെ വിവാഹദിവസമാണ്. തന്റെ ഏകപുത്രിയുടെ വിവാഹം കെങ്കേമമായി കൊണ്ടാടാനാണ് മി. ചാറ്റർജി നിശ്ചയിച്ചിരിക്കുന്നത്. അടുത്തും അകന്നുമുള്ള സകല ബന്ധുക്കളെയും അദ്ദേഹം വളരെ നേരത്തെ ക്ഷണിച്ചു. ഒരു മാസം മുൻപുമുതൽതന്നെ ഒന്നുരണ്ടു പറ അരിക്കുള്ള ആളുകളെക്കൊണ്ട് അദ്ദേഹത്തിന്റെ ബംഗ്ലാവു നിറഞ്ഞുകഴിഞ്ഞിരുന്നു. അദ്ദേഹത്തിന് അടുത്തബന്ധുവായി ഒരു വിധവ സഹോദരിയും പുത്രനുമേ ഉള്ളൂ. അയാൾ ഒരു മെഡിക്കൽ സ്റ്റുഡൻറാണ്. ചാറ്റർജി ജനസമ്മതനായ അഡ്വോക്കേറ്റാണ്. അദ്ദേഹത്തിന്റെ ഭാര്യ വിമലാദേവി സദ്ഗുണസമ്പന്നയായ ഒരുത്തമ ഗൃഹിണിയാണ്. ഭാര്യാഭർത്താക്കന്മാർ രണ്ടുപേരും രമേശനെ അനന്തിരവനെ—സ്നേഹിക്കുന്നു. ഒരുപക്ഷേ അവർക്ക് ഒരു പുത്രനെ ലാളിക്കാനുള്ള ഭാഗ്യം സിദ്ധിക്കാഞ്ഞതിനാൽ കൂടിയായിരിക്കാം.

"അമ്മായീ! സ്റ്റോർ റൂമിന്റെ താക്കോലെവിടെ. മുറുക്കാൻ കൊണ്ടുചെല്ലാൻ എത്രനേരമായി അമ്മാവൻ വിളിച്ചുപറയുന്നു. ആരെങ്കിലും കേൾക്കണ്ടേ" രമേശൻ പറഞ്ഞു. "എന്റെ കുട്ടാ! ഈ ബഹളത്തിനിടയിൽ കേട്ടെന്നും കേട്ടില്ലെന്നുമൊക്കെ വരും. ദേഷ്യപ്പെടാതെയിരിക്കാൻ പറ. നീ തന്നെ അവിടെനിന്ന് വേണ്ടതെല്ലാം എടുത്തുകൊടുക്കൂ. താക്കോൽ കമലയുടെ കയ്യിലാണ്. മുകളിൽകാണും. പോയി വാങ്ങിച്ചോളൂ" അമ്മായി ഓർഡർകൊടുത്തിട്ട് അടുക്കളയിലേക്കുപോയി.

"ഇതെന്തൊരുനാശം, ഇനി കമലയെ തിരക്കി ഞാനെവിടെയെല്ലാം നടക്കണം. അമ്മായിയെ ആ പെണ്ണ് എ

ത്രവേഗം വശത്താക്കികളഞ്ഞു. സ്റ്റോർറൂമിൻെറ താക്കോൽ ഇടുപ്പിൽ ചൊരുകികൊണ്ടു നടക്കുന്ന സ്ത്രീ എത്രവേഗം കമലയെ വിശ്വസിച്ചുകഴിഞ്ഞു. ഓ അന്ജത്തിയുടെ മകളല്ലേ—ഇങ്ങനെ ചിന്തിച്ചുകൊണ്ടു് രമേശൻ മുകളിലത്തെ നിലയിലേക്കു പോയി. അയാൾക്കറിയാം കമലയുടെ റൂം അമ്മായിയുടെ മുറിയുടെ ഇടത്തുവശമുള്ളതാണെന്നു് വാതില്ക്കൽ ചെന്നു് അയാൾ അല്പനേരം വിഷമിച്ചുനിന്നു. "കമല എന്തുചെയ്യയായിരിക്കും? എങ്ങനെ ഞാൻ കടന്നുചെല്ലും. എന്തു പറയും? എന്നും മററും ചിന്തിച്ചു. രമേശൻ സ്ത്രീകളേക്കാൾ ലജ്ജാലുവാണെന്നു് മിക്കവക്കും അറിയാം. ഒടുവിൽ ധൈര്യമവലംബിച്ചു വാതിൽ അല്പം തുറന്നു് ഉള്ളിലേക്കു എത്തിനോക്കി. ഒരു ചാരുകസേരയിൽ കമല ഉറങ്ങികിടക്കുന്നു. രണ്ടു നാലുദിവസമായി അവൾക്കു് ക്രമത്തിലധികം ജോലിയുണ്ടായിരുന്നു എന്ന പരമാത്ഥം രമേശനമറിയാം. അവളുടെ വാടിവഴന്ന ശരീരം, നിമ്മലസൗന്ദര്യം പൊഴിയുന്നമുഖം, അനാഡംബരമായ വേഷം—അയാൾ അവളെ തന്നെ സൂക്ഷിച്ചുനോക്കി അങ്ങനെ നിന്നുപോയി. ചിന്തിച്ചു—"കഷ്ടം! ഇവൾ ഒരു വിധവയാണു! ഹിന്ദുധമ്മ നിയമം എത്ര കഠോരം!" അയാൾ മെല്ലെ അവളുടെ സമീപം ചെന്നു വിളിച്ചു—"കമലേ!" അവൾ ഉണന്നില്ല.

സമീപമിരുന്ന ലോട്ടയിൽനിന്നും കുറച്ചു ജലമെടുത്തയാൾ അവളുടെ മുഖത്തുതളിച്ചു. അവൾ ഞെട്ടി ഉണന്നു. കണ്ണുമിഴിച്ചു് ചുററുപാടുംനോക്കി. അവൾക്കുണ്ടായ അത്ഭുതത്തിനതിരില്ലായിരുന്നു. സാരിയുടെ അററംകൊണ്ടു മുഖം തുടച്ചു- എഴുന്നേററുനിന്നു. "എന്തുവേണം? ഉറങ്ങുന്നവരെ ഇങ്ങനെ ശല്യപ്പെടുത്താൻ ലജ്ജയില്ലേ?" അവളുടെ ചുണ്ടിൽ അല്പം പുഞ്ചിരി പരന്നിരുന്നു. "ലജ്ജയും, ഭയവുമുണ്ടായിരുന്നു. പക്ഷേ നിവൃത്തിയില്ലാതെവന്നാൽ എന്താ ചെയ്ക. ദയവായി ക്ഷമിച്ചു് മാപ്പുതരണം. സ്റ്റോർറൂമിൻെറ താക്കോൽ വാങ്ങാനായിട്ടാണു് ഇങ്ങോട്ടുവന്നതു്." അയാൾക്കും ചിരിവന്നു. "ഗംഭീരവദനനായി, മിതഭാഷിയായി ഒരാഴ്ചയായി താൻ കണ്ടുവരുന്ന യുവാവോ ഇതു്?" എന്നു് കമല ചിന്തിച്ചു.

ആ യുവതീയുവാക്കന്മാർ ഇങ്ങനെ പരിചിതരായി ആ ദിവസം, ആ ആൾക്കൂട്ടത്തിനിടയിൽ അനേകം പ്രാവശ്യം അവക്കു കൂട്ടിമുട്ടേണ്ടിവന്നു, പലതും സംസാരിച്ചു. ആ ഒരു ദിവസംകൊണ്ടു് അവരുടെ പരിചയം ഒരാണ്ടത്തെ പഴക്കമായതുപോലെതോന്നി.

രമ ഭത്തൃഗൃഹത്തിലേക്കു യാത്രയായി. ആൾ ബഹളവും ഒട്ടു ശമിച്ചു. പിറേറദിവസം ഓരോരുത്തരും ക്ഷീണം തീക്കാനായി അങ്ങിങ്ങു് ഒഴിഞ്ഞ സ്ഥലങ്ങൾ തിരക്കിതുടങ്ങി. ഉച്ചയ്ക്കു് രണ്ടുമണിസമയം കമല തലേദിവസം തൻെറ മുഖത്തു വെള്ളം തളിച്ചതിനു പ്രതികാരം ചെയ്യാനായി തക്കംനോക്കി നടന്നു. അവൾക്കു മനസിലായി രമേശൻ അയാളുടെ റൂമിൽ ഉറങ്ങുന്നുണ്ടെന്നു്. ഒരുലോട്ടാ വെള്ളവുമായി അവൾ പതുങ്ങി പതുങ്ങി അയാളുടെ സമീപമെത്തി. നല്ല ഉറക്കം തന്നെയോ എന്നു് ചില ഒച്ചകൾ പുറപ്പെടുവിച്ചു് പരീക്ഷിച്ചശേഷം അവൾ വെള്ളവുമായി അയാളെ സമീപിച്ചു. എ

ന്നാൽ ഒരു പൊട്ടിച്ചിരിയുമായി രമേശൻ ചാടി എഴുന്നേററ് കമലയുടെ കരം കടന്നുപിടിച്ചു. തോൽവി ലജ്ജ ഇവയാൽ അവളുടെ ശരീരം വിറച്ചു. ലോട്ട താഴെ വീണു! രമേശൻ അവളെ ബലപൂർവ്വം പിടിച്ച് തന്റെ അടുത്തിരുത്തി. അവൾ എഴുന്നേററോടാൻ പല പ്രാവശ്യം ശ്രമിച്ചിട്ടും അയാൾ അവളുടെ കരംവിട്ടില്ല. ഒടുവിൽ പരാസ്തയായ കമല മുഖംതാഴ്ത്തി ഇരുന്നു കമല പതിനേഴുവയസ്സുമാത്രം പ്രായമുള്ള സുകുമാരിയാണ്. പക്ഷെ ബാല വിധവയാണ്.

മട്രിക്കലേഷൻ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് അവളുടെ വിവാഹം നടന്നത്. അവൾ വിവാഹദിവസം ഭർത്താവിനെ കണ്ടതല്ലാതെ പിന്നെ കണ്ടിട്ടില്ല. രണ്ടുവർഷമായി വൈധവ്യം അവളെ ആശ്ലേഷിച്ചിട്ട് രമേശൻ ആ സുകുമാരിയെ പ്രത്യംഗം പരിശോധിച്ചു. യുവസഹജമായ ചില വിചാരങ്ങൾ അയാളുടെ ഹൃദയത്തിൽ പ്രവർത്തനം തുടങ്ങി.

"കമലേ! നിനക്കെന്നോടിപ്പോൾ കൂടുതൽ ദേഷ്യം തോന്നുന്നുണ്ട് ഇല്ലേ. എന്നെ മനസാ ശപിക്കയാണെന്നെനിക്കറിയാം" അയാൾ പറഞ്ഞു.

"ഞാനാരേയും ശപിക്കുന്നില്ല. എനിക്ക് തലവേദന എടുക്കുന്നു. വിട്ടപോയി കുറച്ചുറങ്ങട്ടെ". "ഇവിടെ ഉറങ്ങിക്കോളൂ. തലവേദനയെ ഞാനിപ്പോൾ ഓടിക്കാമല്ലോ" എന്നു പറഞ്ഞു് അയാൾ മേശപ്പുറത്തിരുന്ന അമൃതാഞ്ജനമെടുത്തു്. അവളുടെ വിസമ്മതം വകവെയ്ക്കാതെ നെററിയിൽ പുരട്ടാൻ തുടങ്ങി. അയാളുടെ വിരലുകൾ നെററിയിൽ നിന്നും മാറി അവളുടെ ശിരസിൽ കളിക്കാൻ തുടങ്ങി. അവൾ അനങ്ങാതെയിരുന്നു. പാവം! അവൾ ഒരു സ്ത്രീയല്ലേ!

ദിവസങ്ങൾ കുറെ കടന്നുപോയി. രമേശന് കോളേജിൽ പോകേണ്ട ദിവസമടുത്തു. കമലയുടെ ഹൃദയം പിടഞ്ഞു. അവൾ ഭർത്ത്റുമതിയായിരുന്ന സമയത്തോ, വിധവയായ കാലത്തോ ഒന്നും തന്നെ അവളുടെ ഹൃദയത്തിൽ ഇത്തരത്തിലുള്ള പീഡ ജനിച്ചിട്ടില്ല. കമല രമേശനെ സ്നേഹിച്ചുതുടങ്ങിയിരുന്നു.

രാത്രി ഒരു മണിസമയത്തു്, നല്ല ചന്ദ്രപ്രകാശത്തിൽ അവർ തോട്ടത്തിൽ സമ്മേളിച്ചു. പുൽത്തറയിൽ രണ്ടുപേരുമിരുന്നു. കമലയുടെ കണ്ണുകളിൽനിന്നും ജലം പൊഴിയാൻ തുടങ്ങി.

"ഓമനേ! നമുക്കധികംനാൾ പിരിഞ്ഞിരിക്കേണ്ടിവരികയില്ല. നീ എന്നും എന്റേതുതന്നെ" രമേശൻ അവളെ ആശ്ലേഷിച്ചുകൊണ്ടു പറഞ്ഞു.

"അങ്ങെന്താണീപറയുന്നതു്. വിധവയായ ഞാൻ അവിടുത്തേതാകുന്നതെങ്ങനെ. ചിററപ്പനും, അമ്മായിയും, കുഞ്ഞമ്മയും എല്ലാവർക്കുംകൂടി ഉള്ള ഒരു മകനല്ലേ അങ്ങ് എന്നെ കുറിച്ച് ചിന്തിച്ച് ദുഃഖിക്കരുതു്. ഞാൻ ഭാഗ്യഹീനയാണ്. ദുഃഖമനുഭവിക്കാനായി പിറന്നവളാണ്" അവൾ പൊട്ടിക്കരഞ്ഞു.

"എന്റെ കമലം! ഇങ്ങനെ കരയരുതെ. ഞാൻ നിനക്കുവേണ്ടി കാത്തിരിക്കാം, എത്രവർഷം വേണമെങ്കിലും നീയും എന്നെ പ്രതീക്ഷിക്കൂ. രണ്ടുവർഷം കൂടി കഴിഞ്ഞാൽ എനിക്ക് എന്റെ കാലിൽ നില്പാനുള്ള ത്രാണിയുണ്ടാകും. ഇപ്പോൾ ധാരാളം വിധവാവിവാഹങ്ങൾ നടക്കുന്നില്ലേ. നീ സങ്കടപ്പെടരുതു്. നീ

ഭാഗ്യഹീനയല്ല." അയാൾ തന്റെ വിരലിൽ കിടന്നിരുന്ന മോതിരം ഊരി അവളുടെ വിരലിൽ ഇട്ടു. അവർ നേരത്തെ തയ്യാറാക്കി സൂക്ഷിച്ചിരുന്ന കുറെ ലേസുകൾ രമേശന് സംഭാവന ചെയ്തു.

അടുത്ത ദിവസം രമേശൻ യാത്രയ്ക്കു തയാറായി അമ്മായിയോടും അമ്മാവനോടും, മാതാവിനോടും യാത്രചോദിച്ചിട്ട് അയാൾ കമലയുടെ മുറിയിലെത്തി അവൾ ജന്നലിനരുകിൽ നിന്ന് തോട്ടത്തിലേക്ക നോക്കുകയായിരുന്നു. രമേശൻ അവളുടെ പുറകിൽ ചെന്നുനിന്നു, "കമലം" എന്നു വിളിച്ചു. അശ്രുകലുഷിതമായ നയനങ്ങൾ രമേശനിൽ പതിഞ്ഞു. അയാൾ അവളെ തന്റെ കരബന്ധത്തിനുള്ളിലാക്കി പലവുരു ചുംബിച്ചു. "കമലം, സമയമായി. ധൈര്യമായിരിക്കൂ. ഈശ്വരനെല്ലാം നേരെയാക്കും" എന്നു മന്ത്രിച്ചു.

"പ്രിയപ്പെട്ട രമേശ്!" ഇതിലധികം ഉച്ചരിക്കാൻ അവൾക്ക കഴിഞ്ഞില്ല. അവൾ അയാളുടെ പാദം തൊട്ട് നിറുകയിൽ വെച്ചു. അങ്ങനെ തകന്ന മനസ്സുമായി രമേശ് അവളെ പിരിഞ്ഞു.

ഒരു മാസം കഴിഞ്ഞ് കമല തന്റെ ഗ്രാമത്തിലേക്ക പോയി. അവൾക്ക രമേശന്റെ ആശ്വാസപ്രദമായ കത്തുകൾ കിട്ടിക്കൊണ്ടിരുന്നു. ഒരു വർഷം കഴിഞ്ഞു. രമേശൻ അവധിക്ക് നാട്ടിലേക്ക് വന്നു. രമയും ഭർത്തൃഗൃഹത്തിൽ നിന്നും വന്നതിനാൽ കമലയേയും അവളുടെ ചിററമ്മ ക്ഷണിച്ചു. അങ്ങനെ ആ പ്രേമികൾ വീണ്ടും കണ്ടുമുട്ടി. എന്നാൽ രമേശനെ എന്തോ ഒരു വല്ലായ്മ വ്യാപിച്ചിരിക്കുന്നതായി കമല കണ്ടു. കാരണമറിയാതെ അവളുടെ ഹൃദയം പിടഞ്ഞു. ഒരു ദിവസം രാത്രി ആ പഴയ തോട്ടത്തിൽ, അതേസ്ഥാനത്തവർ സമ്മേളിച്ചു. കമല രമേശന്റെ മനോവ്യഥയുടെ കാരണമാരാഞ്ഞു. ആ യുവാവ് പറഞ്ഞു—"പ്രിയപ്പെട്ട കമലം! ഞാനൊരു പുരുഷനായി ജനിച്ചതെന്തിന്? എനിയ്ക്ക് ഒരു സ്ത്രീയോളം പോലും സ്വാതന്ത്ര്യമില്ല. എന്റെ അമ്മാവനും അമ്മയും കൂടി എനിക്ക് വിവാഹം നിശ്ചയിച്ചുകഴിഞ്ഞു. രമയുടെ ഭർത്തൃസഹോദരിയാണ് വധു. ഞാൻ ഈ വിവാഹത്തിന് അനുകൂലിക്കില്ലെന്ന് വളരെ ശഠിച്ചു. അങ്ങനെയായാൽ രമയുടെ ഭാവി അശുഭപ്രദമായി തീരുമെന്നിവർ പറയുന്നു. പ്രിയേ! എന്തുചെയ്യണമെന്നെനിക്കറിവില്ല. നാടുവിട്ടുകളയണമെന്ന് തോന്നാറുണ്ട്." അയാളുടെ കണ്ണുകൾ നിറഞ്ഞ് ഒഴുകി.

കമല ഇടിവെട്ടേററതുപോലെ നിസ്തബ്ധയായിരുന്നു. അവളുടെ ഹൃദയം കരയുന്നുണ്ടായിരുന്നു. തന്റെ മനോരാജ്യകോട്ടകൾ ഒരേസമയം ഇടിഞ്ഞു തകർന്നുവീണതു് അവൾ തന്റെ കണ്ണുകൊണ്ടു കാണുന്നു. കമല രമേശന്റെ തോളിലേക്ക വീണു, പൊട്ടിക്കരഞ്ഞു. അയാൾ യാതൊന്നും പറയാൻ ശക്തനായില്ല. അല്പസമയം കഴിഞ്ഞ് അയാൾ പറഞ്ഞു—"കമലം! നമുക്ക് വല്ല സ്ഥലത്തേക്കും ഒളിച്ചോടി പോകാം. നീ തയാറാണോ? നിന്നെ കൂടാതെ ജീവിക്കാൻ എനിക്ക സാധ്യമല്ല."

കമല തല ഉയർത്തി. അവൾ പറഞ്ഞു: "രമേശ്! ഈ ബാലിശചിന്തകൾ ത്യജിക്കൂ. അങ്ങൊരു പുരുഷനാണ്. പുരു

ഷോചിതമായി പ്രവർത്തിക്കൂ. ഒരു വിധവയെ മോഹിപ്പിച്ചുകൊണ്ടോടി എന്നുള്ള കളങ്കം തന്നിലും തന്റെ പ്രശസ്തകുടുംബത്തിലും വരുത്തിവെയ്ക്കയോ? രമയുടെ ഭാവി ദുഃഖപൂർണ്ണമാക്കുകയോ? മാതാവിനും, അമ്മാവനും വാർദ്ധക്യകാലത്തു മനോദുഃഖം കൊടുക്കുകയോ? പാടില്ല! ഞാൻ വിധവയാണ്, ഒരു വിധവയ്ക്ക് അവളുടെ ജീവിതം ദുഃഖപൂർണ്ണമായിത്തന്നെ കഴിക്കണം. എന്നെ അങ്ങ് വഞ്ചിച്ചിട്ടില്ല; കബളിപ്പിച്ചിട്ടില്ല. എനിക്ക് പരിഭവമോ സങ്കടമോ ഇല്ല. ഇന്നത്തെപോലെ അങ്ങ് എന്നും എനിക്ക് പ്രിയനായിരിക്കും, ആരാധ്യനായിരിക്കും. സ്നേഹമെന്തെന്നറിയിച്ചതു് അങ്ങാണ്. അങ്ങേയ്ക്കുവേണ്ടി ഞാൻ പ്രതീക്ഷിക്കും; ഈ ലോകത്തിൽ വെച്ചല്ല, പരലോകത്തു് വെച്ച് നാം സന്ധിക്കും. നാം ഒന്നാകും. അങ്ങു സന്തോഷപുരസ്സരം ആ വിവാഹത്തിന് അനുവാദം നല്കുക. ഇതാണ് നമ്മുടെ അവസാനസന്ദർശനം. കമലത്തെ മറന്നുകളയല്ലേ എന്റെ നാഥാ!" എന്നു പറഞ്ഞു് അവൾ അവസാനമുദ്ര എന്നോണം രമേശനെ ഒന്ന് ചുംബിച്ചിട്ട് അതിവേഗം വീട്ടിനുള്ളിലേക്കു പോയി.

* * *

ഏഴുവർഷം കഴിഞ്ഞു. ഇന്ന് രമേശചന്ദ്രൻ ബോംബെയിലെ പ്രസിദ്ധനായ ഒരു ഡാക്ടരാണ്. അദ്ദേഹത്തിന്റെ വൈവാഹികജീവിതം സുഖപ്രദമായിരുന്നോ എന്തോ! അദ്ദേഹം രണ്ടു കുട്ടികളുടെ പിതാവും, വിഭാര്യനുമാണ്. ശാരദ രണ്ടാമത്തെ പ്രസവത്തിൽ മരിച്ചു. രമേശൻ പുനർവിവാഹം ചെയ്കയില്ല എന്നു നിശ്ചയിച്ചിട്ട് ഏതാണ്ട് മൂന്നു വർഷമായി.

ദേശം മുഴുവൻ ഇളകിമറിഞ്ഞിരുന്ന സമയം. എവിടെയും പണിമുടക്കം, ഹർത്താലും, പിക്കറ്റിംഗും അറസ്റ്റും തന്നെ. ബോംബെയിൽ വെച്ച് കാൺഗ്രസ്സുകാരുടെ ഒരു വൻപിച്ച യോഗം നടന്നു. അന്നത്തെ അദ്ധ്യക്ഷ ഒരു കമലാദേവി എം. എ-യായിരുന്നു. ചില സ്നേഹിതന്മാരോടുകൂടി ഡാക്ടർ രമേശനും തന്റെ പുത്രി കമലകുമാരിയും, പുത്രൻ പൂർണ്ണചന്ദ്രനുമായി യോഗസ്ഥലത്തെത്തി. അദ്ധ്യക്ഷപ്രസംഗം തുടങ്ങിയപ്പോഴാണ് അവർ ഹാളിൽ എത്തിയതു്. ഡാക്ടർക്കും മിത്രങ്ങൾക്കും മുഖ്യസ്ഥാനത്തു തന്നെ ആസനം ലഭിച്ചു. ഡാക്ടർ ഒരു വശത്തായിരുന്നതിനാൽ അദ്ധ്യക്ഷയുടെ മുഖം കാണാൻ സാധിച്ചില്ല. ശുഭ്രമായ ഖദർവസ്ത്രധാരിണിയായ ആ യുവതിയുടെ പ്രസംഗം സഭാവാസികളെ ഇളക്കിമറിക്കത്തക്കവിധം പ്രഭാവശാലിയായിരുന്നു. ഒടുവിൽ അദ്ധ്യക്ഷയുടെ മുഖം രമേശൻ കണ്ടു. "കമലം, എന്റെ കമലം" അയാളുടെ ഹൃദയം മുരണ്ടു. നിസ്തബ്ധനായി കസേരയിൽ ഇരുന്നുപോയി. അദ്ധ്യക്ഷപ്രസംഗത്തിനു ശേഷം ഒന്നുരണ്ടു പ്രസംഗങ്ങൾ നടന്നു. കമലാദേവി ഉപസംഹാരപ്രസംഗത്തിനായി എഴുന്നേറ്റു. "മാന്യസദസ്യരേ" എന്നു സംബോധന ചെയ്തുകൊണ്ട് അവർ സദസ്സിൽ ചുറ്റുമൊന്നു കണ്ണോടിച്ചു. ആ ദൃഷ്ടി പെട്ടെന്ന് ഒന്നു മിന്നിത്തിളങ്ങി. മുഖത്തു് ആശ്ചര്യമോ സംഭ്രമമോ ഒക്കെ നിഴലിച്ചു. രമേശൻ എല്ലാം കണ്ടു. എന്നിട്ടും അനങ്ങാൻ സാധിച്ചില്ല. ഉപ

സംഹാരം വളരെ വേഗമവസാനിപ്പിച്ചു. കൃതജ്ഞതാനന്തരം ഹാരമണിയിക്കാനായി രമേശൻെറ പുത്രി ഒരു പുഷ്പഹാരവുമായി അദ്ധ്യക്ഷയെ സമീപിച്ചു. അവർ തലകുനിച്ചുകൊടുത്തു. അതോടുകൂടിതന്നെ കുട്ടിയുടെ കരം ഗ്രഹിച്ച് തന്നിലേക്കണച്ചു നിർത്തി എന്തോ മന്ത്രിച്ചു. അവൾ അരസരന്നമട്ടിൽ തലയാട്ടി. എല്ലാം രമേശൻ കണ്ടു. ഹാരം വിട്ട് കമലം, കമല കുമാരിയേയും കൈയ്ക്കു പിടിച്ചുകൊണ്ട് വെളിയിൽ വന്നു. രമേശൻ മകരമായി അവരെ സമീപിച്ചു. "നമസ്തേ" കമലം കൈകൂപ്പി "കമലം! അല്ല, കമലാദേവീ! ഭവതിയുടെ ഭാഗ്യത്തിൽ ഞാനസൂയപ്പെടുന്നു." രമേശൻ പറഞ്ഞു.

"അസൂയയോ? തരക്കേടില്ല. അങ്ങ് ഒരുവഴിക്കുകൂടി ലോകസേവ ചെയ്യുന്നു. അതുപോലെ ഞാൻ വേറൊരു വഴിക്കുകൂടെ ജനസേവ ചെയ്‌വാൻ നിശ്ചയിച്ചു. ഇതിൽ അസൂയപ്പെടാൻ കാര്യമില്ലല്ലോ. ഞാൻ ദേവിയല്ല അങ്ങേയ്ക്കു പഴയ കമലം തന്നെയാണ്. അതിരിക്കട്ടെ ശാരദാദേവി സുഖമായിരിക്കുന്നോ?" അവൾ മൂന്നുവയസ്സുമാത്രം പ്രായമായ പുണ്ണിനെ എടുത്തു ചുംബിച്ചുകൊണ്ടു ചോദിച്ചു.

"അവൾ സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി പ്രതീക്ഷിക്കുന്നുണ്ട്. നമ്മെ ഇവിടെവെച്ചുതന്നെ വീണ്ടും കൂട്ടിച്ചേർക്കണമെന്നു നിശ്ചയിച്ചായിരിക്കാം നേരത്തെ പോയതു".

കമലം അൽഭുതത്തോടെ രമേശനെ നോക്കി. അദ്ദേഹം അത്യന്തം ക്ഷീണവദനനായി കാണപ്പെട്ടു. അദ്ദേഹം തുടർന്നു-"കമലം! ഞാൻ വിവാഹിതനായി, പിതാവായി. എന്നിട്ടും എന്റെ ഹൃദയം സദാ നിനക്കുവേണ്ടി പിടയുന്നുണ്ടായിരുന്നു. പ്രിയേ! ഇതു് സത്യമാണ്. മൂന്നുവർഷമായി ഈ കുട്ടികളെ വളർത്താൻ ഞാൻ വല്ലാതെ കഷ്ടപ്പെടുന്നു. എത്ര കഷ്ടപ്പെട്ടാലും വേറൊരു സ്ത്രീയെ ഞാൻ സ്വീകരിക്കില്ല എന്നു നിശ്ചയിച്ചു. കമലം! നിന്നെക്കുറിച്ച് ഞാൻ തിരക്കാറുണ്ടായിരുന്നു. നീ നിന്റെ അമ്മാവനോടുകൂടി കൽക്കട്ടായിലാണ് എന്ന് മാത്രമേ എനിക്കറിവാൻ സാധിച്ചുള്ളു. കമലം! ഞാൻ ഭാഗ്യഹീനനാണ്, വിശ്വാസഘാതകിയാണ്. എന്നോടു ക്ഷമിക്കു. പ്രിയേ! നീ അന്നത്തെപ്പോലെ ഇന്നും എനിക്ക് അഭികാമ്യയാണ്. എന്റെ ശൂന്യഹൃദയത്തിന് ദീപമായി, ഈ അനാഥബാലർക്ക് മാതാവായി എന്റെ അന്ധകാരം നിറഞ്ഞ ഗൃഹത്തിൽ പ്രകാശമായി എന്റെ ഭാവിജീവിതം ശോഭനമാക്കുമോ?" ദീനനായി അദ്ദേഹം അവളെ നോക്കി. കമലത്തിന്റെ നയനം അദ്ദേഹത്തിന്റെ നയനവുമായി ഇടഞ്ഞു. അവളുടെ കണ്ണുകളിൽ ജലം നിറഞ്ഞു. അവൾ പറഞ്ഞു-"പക്ഷെ രമേശ്! ഞാനിന്നും ഒരു വിധവതന്നെയാണല്ലോ. നിങ്ങളുടെ സമാജവും, ബന്ധുക്കളും—".

അദ്ദേഹം തടഞ്ഞു—"വേണ്ട. ഈ ഒഴികഴിവൊന്നും പറയണ്ട. ഇന്നു ഞാൻ എന്റെ കാലിൽ നിൽക്കാൻ ശക്തനാണ്. ഈ സമാജവും ബന്ധുക്കളും എന്നെ ഉപേക്ഷിച്ചുകൊള്ളട്ടെ. കമലം! എന്നെ വിചാരിച്ച് നീ എന്റെ ഗൃഹത്തിൽ വരണേ, ഈ കുട്ടികളെ നോക്കു-"

അവൾ വാത്സല്യപൂർവ്വം തന്റെ രണ്ടു വശത്തുമായി ചേർന്നു നിൽക്കുന്ന കുട്ടികളെ നോക്കി. ആ മാതൃഹൃദയം പിടഞ്ഞു. "അമ്മേ! വരൂ വീട്ടിലേക്കു പോകാം" കമലകുമാരി പറഞ്ഞു. "കാറിൽ കയറൂ. ചേച്ചിയല്ല, ഞാൻ അമ്മയുടെ മടിയിലിരിക്കും. ഞാനാണ് അനിയൻ" പൂർണ്ണൻ കൊഞ്ചിപ്പറഞ്ഞു.

"പ്രിയേ! വരൂ. ഇന്നെന്റെ അതിഥിയാകൂ. നാളെമുതൽ എന്റെ ഗൃഹസ്വാമിനിയും ഈ കുഞ്ഞുങ്ങൾക്ക് മാതാവും" പ്രിയാ! നീണ്ട യുഗങ്ങളിലെ പ്രതീക്ഷയായി ഞാൻ എന്റെ ഹൃദയത്തിന് സാധകം നല്കിയായിരുന്നു. ഇപ്പോൾ ഒരു യുഗംപോലും ഈശ്വരനനുവദിക്കില്ലന്നോ?"

രമേശൻ കമലത്തിന്റെ കരം ഗ്രഹിച്ച് കാറിൽ കയററി. പൂർണ്ണൻ അവളുടെ മടിയിലും, കമലകുമാരി അച്ഛന്റെ മടിയിലുമിരുന്നു. യോഗഭാരവാഹികളും രമേശന്റെ മിത്രങ്ങളും ആശ്ചര്യപൂർവ്വം നോക്കിനിന്നു. കാർ ആ ചിരപ്രതീക്ഷിതരായ ദമ്പതികളെയും വഹിച്ചുകൊണ്ടു പാഞ്ഞു.

കനകാമൃതം

രക്തശുദ്ധിയും ആരോഗ്യവും, സൗന്ദര്യവും സമ്പാദിക്കണമെന്നാഗ്രഹിക്കുന്ന സ്ത്രീ പുരുഷന്മാർ ഞങ്ങളുടെ കനകാമൃതം ഉപയോഗിച്ച് സംതൃപ്തരാകുവിൻ!!

അസ്ഥിയുരുക്കം, പഴുപ്പുപോക്ക്, സ്വപ്നസ്ഖലനം. ശുക്ലസ്രാവം, വെള്ളപോക്ക്. വിളർച്ച, കൈകാലുകൾക്കും നട്ടെല്ലിനുമുണ്ടാകുന്ന കഴപ്പ്, വേദന, വയറെരിച്ചിൽ, ദഹനക്ഷയം, മുതലായരോഗങ്ങളെ ശമിപ്പിക്കുന്നതിന് അദ്വിതീയമായസിദ്ധൗഷധം!!!

പ്രസവാഃശേഷം സ്ത്രീകൾക്കു ഉത്തമപോഷണൗഷധം. ഒരുമണ്ഡലംമുടങ്ങാതെ സേവിക്കുന്നപക്ഷം ഏതുക്ഷയരോഗത്തെയും ശമിപ്പിക്കും, പരീക്ഷിക്കുവിൻ!.

വൈദ്യൻ. എം. എസ്സ്. രാമകൃഷ്ണപിള്ള.

എസ്സ്. ആർ. കെ. വി. വൈദ്യശാല

കട്ടൂർ—അയിരൂർ—തിരുവിതാംകൂർ.

കഥാനായിക

(മിസ്സിസ്സ് ലീല, എൻ. കുറുപ്പ് കമുകറ)

ഒരു പുതിയ ചലനചിത്രം നിർമ്മിക്കുന്ന കാര്യത്തെക്കുറിച്ച് ഞാൻ തീവ്രമായ ആലോചനയിൽ മുഴുകിയിരിക്കുകയായിരുന്നു. അപ്പോൾ എന്റെ സിക്രട്ടറി അവിടെ കടന്നുവന്ന്, "അങ്ങയെ കാണാനായി ഒരാൾ വന്നു കാത്തുനിൽക്കുന്നു." എന്നു പറഞ്ഞു.

മേശപ്പുറത്തു കുന്നുപോലെ കുമിച്ചിട്ടിരുന്ന ഫയലുകളിൽ നിന്ന് ദൃഷ്ടികളുയർത്തിയിട്ട് ഞാൻ ചോദിച്ചു, "അനവസരം നോക്കിവന്നിരുന്ന ആ മനുഷ്യൻ ആരാണ്?"

"ഒരു സ്ത്രീയാണ്.—" സിക്രട്ടറി പറഞ്ഞു.

"സ്ത്രീയോ?" അതെ നമ്മുടെ പരസ്യം കണ്ടുവന്നതായിരിക്കും. എന്തായാലും ഇപ്പോൾ സംസാരിക്കാൻ തീരെ സൗകര്യമില്ലെന്നും, അപേക്ഷ അയച്ചാൽ മതിയെന്നും അവരോടു പറഞ്ഞേക്കൂ—"

"അതൊക്കെ ഞാൻ പറഞ്ഞുകഴിഞ്ഞു സാർ. എന്നിട്ടും അവർ പോകുന്നില്ല. അങ്ങയെ കണ്ടേ മതിയാവൂ എന്ന് ശാഠ്യം പിടിക്കുന്നു. കണ്ടിട്ട് വളരെ സാധുവാണെന്നു തോന്നുന്നു."

"ഓഹോ! നിങ്ങൾ അവൾക്കുവേണ്ടി ശുപാർശ ചെയ്യുന്നല്ലോ. എന്താണവരുടെ പേര്?—" ഞാൻ ചിരിച്ചുകൊണ്ടു ചോദിച്ചു.

"പ്രേമകുമാരി" അയാൾ പറഞ്ഞു.

"എന്തുപ്രായംവരും?—"

"ഉദ്ദേശം ഒരു ഇരുപത്, ഇരുപത്തി ആറു വയസ്സിരിക്കും"

"വളരെ മോടിയായിട്ടാണോ വന്നിരിക്കുന്നത്?"

"അല്ല. കണ്ടാൽ ആർക്കും അവരോടൊരു ബഹുമാനം തോന്നും."

"കാണാൻ എങ്ങിനെ?" ഞാൻ ചോദിച്ചു

"പരമസുന്ദരി. വാസ്തവം പറയണമല്ലോ സാർ. അവൾക്ക് ഒരു നല്ല "സിനിമാ മുഖ,മാണുള്ളത്."

"ശരി. എന്നാൽ വരാൻ പറയണം. എന്നിട്ട് നിങ്ങൾ ഞാനിന്നലെ പറഞ്ഞ കത്തുകൾ വേഗം തയാറാക്കണം. ഇന്നത്തെ മെയിലിൽ പോകേണ്ടതാണവ."

എന്റെ സിക്രട്ടറി അപ്രത്യക്ഷനായി. മിസ്സ് പ്രേമയുടെ ആഗമനത്തെ പ്രതീക്ഷിച്ച് ഞാൻ വാതലിലേക്കുനോക്കി. അടുത്ത നിമിഷത്തിൽ അവൾ അകത്തു കടന്നു. അവളറിയാതെ ഞാൻ ഒന്നു സൂക്ഷിച്ചുനോക്കി. അവൾ സുന്ദരിതന്നെ എന്നെനിക്കു ബോദ്ധ്യമായി. "ഇരിയ്ക്കണം" ഞാൻ സ്വാഗതം ചെയ്തു. എന്നെ സബഹുമാനം വന്ദിച്ചിട്ട് അവർ ഇരുന്നു. "ഞാൻ അങ്ങയുടെ വിലയേറിയ സമയത്തെ അപഹരിക്കുകയില്ല. ഒന്നുരണ്ടു വാക്കുകൾ പറഞ്ഞിട്ട് പൊയ്ക്കൊള്ളാം." എന്നിങ്ങനെയാണ് അവൾ സംഭാഷണം തുടങ്ങിയത്.

"വളരെ സന്തോഷം. ഇനി ഒരവസരത്തിലാണെങ്കിൽ എല്ലാം വിശദമായി കേൾക്കാനുള്ള സൌകര്യമുണ്ടാകുമായി

ടുന്നു." ഞാൻ ശാന്തസ്വരത്തിൽ അവളെ ധരിപ്പിച്ചു.

"പക്ഷെ, എനിക്കു താമസിക്കാൻ നിവൃത്തിയില്ലല്ലോ. ഓരോ നിമിഷവും എനിക്ക് അമൂല്യമാണ്. ഞാൻ വളച്ചുകെട്ടാതെ കാര്യം തുറന്നുപറഞ്ഞേക്കാം—" ഈയവസരത്തിൽ അവളുടെ മുഖപ്രകാശം മങ്ങിയതു് ഞാൻ സൂക്ഷിച്ചു. അവൾ തുടർന്നു, "എനിക്ക് യാതൊരു നിവൃത്തിയുമില്ല ജീവിക്കുവാൻ; സഹായിക്കാൻ ആരുമില്ല. സാധുവായ എന്നിൽ കരുണതോന്നി അങ്ങുതന്നെ എന്നെ ഒരു നല്ലനിലയിലെത്തിക്കണം. ഇതു മാത്രമാണ് എന്റെ അപേക്ഷ" അവൾ ആശയോടെ എന്നെ നോക്കി.

"എനിക്ക് യഥാർത്ഥത്തിൽ നിങ്ങളെ സഹായിച്ചാൽ കൊള്ളാമെന്നുണ്ട്; എന്നാൽ ഞാൻ ഈ സിനിമാക്കമ്പനിയിലെ ഡയറക്ടർ മാത്രമാണ്. മുതലാളിയുടെ ഇഷ്ടമില്ലാതെ ആളുകളെ നിയമിക്കാനും മററും എനിക്കധികാരമില്ല. ഞാനെന്തു ചെയ്യട്ടെ?"

"ശരി. എനിക്കതറിയുകയും ചെയ്യാം. എങ്കിലും അങ്ങു മനഃപൂർവ്വം വിചാരിച്ചാൽ ആ കാര്യം സാധിക്കുമെന്ന് എനിക്കുറപ്പുണ്ട്" അവൾ അടങ്ങുന്ന മട്ടുകണ്ടില്ല.

സൌന്ദര്യത്തിന്റെ സജീവചൈതന്യമെന്നോണം പ്രശോഭിക്കുന്ന ഈ യുവതിയെ സ്വന്തം കമ്പനിയിൽ ചേർക്കാൻ ഓരോ മുതലാളിമാരും "ഞാൻ മുമ്പേ, ഞാൻ മുമ്പെ എന്നു് വരുമല്ലോ; ആ സ്ഥിതിക്ക് ഇവൾ എന്നെ മാത്രം വന്നു് ശല്യപ്പെടുത്തുന്നതെന്തിനു്?" എന്നെല്ലാം എനിക്കു തോന്നി. എന്റെ ഈദൃശമായ ചിന്തകൾ അവൾ മനസ്സിലാക്കിയോ എന്തോ, അല്പം കഴിഞ്ഞു് എന്റെ സംശയങ്ങളെ ദൂരീകരിക്കത്തക്കവണ്ണം അവൾ പറഞ്ഞു: മറെറാന്നുംകൊണ്ടല്ല ഞാൻ അങ്ങയെ സമീപിച്ചതു്; അങ്ങു മാത്രമേ യോഗ്യതയറിഞ്ഞു പ്രവർത്തിക്കയുള്ളുവെന്ന് എനിക്കറിയാം. എന്നു മാത്രമല്ല, ഈ സിനിമാ വ്യവസായത്തിൽ അങ്ങയെപ്പോലെ ന്യായമായി പ്രവർത്തിക്കുന്ന ഡയറക്ടർ വേറെ ഉണ്ടോന്നും എനിക്കു ദൃഢബോദ്ധ്യമുണ്ട്."

"എനിക്കു ഭവതിയെ ഇതിനുമുമ്പ് പരിചയമില്ല. എന്നാലും ഇത്രകഷ്ടപ്പെട്ടു ഇവിടെ വന്ന സ്ഥിതിക്ക് എന്തെങ്കിലും ഒരു ചെറിയ പാർട്ട് തരാമെന്നു വച്ചാൽ തന്നേയും എല്ലാത്തിനും ആൾ തയാറായിപ്പോകുകയും ചെയ്തു."

"എന്തു്? എന്തെങ്കിലും ഒരു ചെറിയ പാർട്ടോ?" പരിഹാസം ധ്വനിക്കുന്ന സ്വരത്തിൽ അവൾ തുടർന്നു. "അതിലേക്കായിട്ടല്ല ഞാൻ ഇവിടെ വന്നതു്. എനിക്കുവേണ്ടതു് പ്രധാനപ്പെട്ട പാർട്ടാണ്"

"കൊള്ളാം! കഥാനായികയുടെ പാർട്ടോ?"

"അതെ-ഉം? എനിക്കതിനു യോഗ്യതയില്ലേ?

"ഓഹോ! ധാരാളം" എനിക്കു ചിരി അടക്കാൻ കഴിഞ്ഞില്ല. ചിരിച്ചുകൊണ്ടു ഞാൻ പറഞ്ഞു." നിങ്ങൾക്ക് കഥാനായികയാവണം. ഭേഷ്! നിങ്ങൾക്ക് ഭ്രാന്തുണ്ടോ എന്നുപോലും തോന്നിപ്പോകുന്നു, ഇതു കേൾക്കുമ്പോൾ.

"അതെ; ഭ്രാന്തുതന്നെ. പക്ഷെ, ഒരു വ്യത്യാസം. വെറും ഭ്രാന്തല്ല: അഭിനയഭ്രാന്തു്! നടനകലാഭ്രാന്തു്!" അവൾ നിർഭയം മറുപടി പറഞ്ഞു.

"എനിക്ക് വേറെ ജോലിയുണ്ട്." ഞാൻ ശൗചത്തിൽ തുടങ്ങി. "അല്പം മുൻപ് എന്തെങ്കിലും സഹായം ചെയ്യണമെന്ന് അപേക്ഷിച്ച നിങ്ങൾ ഇപ്പോൾ നിലമറന്ന് സംസാരിക്കുന്നു. ഒന്നുകിൽ നിങ്ങൾക്ക് ഭ്രാന്താണ്; അല്ലെങ്കിൽ അഭിനയകലയുടെ പ്രാഥമികപാഠം പോലും മനസ്സിലാക്കാതെ ആകാശദുർഗ്ഗങ്ങൾ ചമയ്ക്കുന്ന ഒരു വെറുംശിശുവാണ്."

അവളുടെ മുഖം ചുവന്നു. കോപത്താൽ ആ ശരീരം ആലിലപോലെ വിറച്ചു. പെട്ടെന്നുതന്നെ അവൾ എഴുന്നേറ്റ് രൂക്ഷമായി എന്നെ ഒന്നു നോക്കി. യഥാർത്ഥത്തിൽ ആ എഴുന്നേല്പിലും നോട്ടത്തിലും കലാരസികത തെളിഞ്ഞുവിളങ്ങി. "നാട്യകല എന്തെന്നറിഞ്ഞുകൂടാത്ത ഒരു ശിശുവാണെന്നോ അങ്ങ് എന്നെ അധിക്ഷേപിക്കുന്നതു്? കൊള്ളാം. എന്റെ ഏഴാമത്തെ വയസ്സുമുതൽ ഞാൻ നാടകമണ്ഡപങ്ങളിൽ പ്രവേശിച്ചതാണ്. അതു മനസ്സിലാക്കാതെ ഈ വിധം അഭിപ്രായപ്പെട്ടതു് സാഹസമായിപ്പോയി." അവൾ തന്റേടത്തോടെ പറഞ്ഞു.

ഞാൻ നിശ്ചലനായി നിശ്ശബ്ദനായി ഇരുന്നു. എന്റെ ചിന്ത മറ്റെവിടെയോ സഞ്ചരിക്കയായിരുന്നു. അതു ഗൗനിക്കാതെ അവൾ പറഞ്ഞുതുടങ്ങി:—

"പതിനഞ്ചു വയസ്സാകുന്നതുവരെ എന്റെ ജീവിതം നടനമണ്ഡലത്തിൽ—നാടകമേടകളിൽ—തന്നെ ആയിരുന്നു. അന്ന് ജീവിക്കുവാൻ യാതൊരു വിഷമവും എനിക്കു തോന്നിയില്ല. അപ്പോഴാണ് എന്റെ അച്ഛൻ മരിച്ചതു്. അതിനുമുൻപ് മരണശയ്യയിൽവച്ച് അദ്ദേഹം എനിക്കൊരുപദേശം നൽകി. ശരിയായ ഒരു രക്ഷകനില്ലാതെ മേലാൽ നാടകത്തൊഴിലിൽ ഇറങ്ങരുതെന്നും, അങ്ങിനെ ചെയ്താൽ എന്റെ ജീവിതം കണ്ണുനീരിൽ മുക്കിയെടുത്ത ഒന്നായിത്തീരുമെന്നും, അതിനാൽ യോഗ്യനായ ഒരു പുരുഷനെ വിവാഹം ചെയ്ത് ശാന്തജീവിതം നയിക്കാൻ യത്നിക്കണമെന്നുമായിരുന്നു ആ മുന്നറിയിപ്പ്."

"ആ വിലയേറിയ ഉപദേശത്തെ അവഗണിക്കാൻ എനിക്ക് ധൈര്യമുണ്ടായില്ല. ഞാൻ ഒരു മൂന്നുനാലു കൊല്ലത്തേക്ക് നടനകലയുമായി പിരിഞ്ഞുജീവിച്ചു. അച്ഛന്റെ മരണശേഷം ഞാൻ എന്റെ സഹോദരനോടൊന്നിച്ചാണ് ഇതുവരെ കഴിഞ്ഞതു്. എന്നാൽ രണ്ടുമാസമായി ഞാൻ അവിടംവിട്ടു പോന്നിട്ട്. കാരണം അവൻ വിവാഹം ചെയ്തതുകൊണ്ടുതന്നെ. അവന്റെ പ്രയത്നത്തിന് തക്കതായ ഒരു പങ്കുകാരി വന്നപ്പോൾ ഞാൻ പിൻവാങ്ങാതെന്തുചെയ്യും. അതു മാത്രമല്ല, അതുവരെയുള്ള അലസജീവിതം എനിക്ക് വളരെ മുഷിഞ്ഞുപോകുകയും ചെയ്തു."

സിനിമായുഗമാണല്ലോ ഇതു്. അഭിനയകലയുമായി എനിക്കുള്ള പഴക്കം ഒരു സിനിമാതാരമായി എന്നെ ഉയർത്താൻ പര്യാപ്തമാകുമെന്നു കരുതി പല സ്റ്റുഡിയോകളിലും ഞാൻ ചെന്നു. എന്നാൽ അവിടത്തെ ആളുകളുടെ പെരുമാറ്റം എനിക്കു തീരെ പിടിച്ചില്ല. ചിലർ വലിയ ഗൗരവക്കാർ; മറ്റുള്ളവരോട് സംസാരിക്കാൻ വലിയ മടിയാണവർക്ക്. മറ്റു ചിലർ പച്ചശൃംഗാരി

കൾ! അവരുടെ സിനിമാശാലയിൽ എത്തിനോക്കുന്ന സ്ത്രീയുടെ ചാരിത്ര്യം അന്ത്യമായി പന്നയത്തിലായതുതന്നെ. ചിലർ വെറും പണക്കൊതിയന്മാർ, അവർക്ക് പേരുള്ള താരങ്ങളെ മാത്രമേ വേണ്ടു. ഇതെല്ലാംകൊണ്ട് മനസ്സു ക്ഷീണിച്ചിരിക്കവെയാണ് അങ്ങയെക്കുറിച്ചു കേൾപ്പാനിടയായതു്. നേരെ ഇങ്ങോട്ടു പോന്നു ഇതാണെന്റെ അവസാനശ്രമം. ഇതും പരാജയമടയുകയാണെങ്കിൽ അഭിമാനത്തെ പുലത്താൻവേണ്ടി മരിക്കുകയല്ലാതെ മററു യാതൊരു പോംവഴിയും ഞാൻ കാണുന്നില്ല."

അവൾ ഒരു ദീർഘശ്വാസത്തോടെ സമാപിച്ചു. എനിക്ക് അവളോട് വലിയ അനുകമ്പതോന്നി. ആ ഹൃദയം നിഷ്കളങ്കമാണെന്നും, അതുവരെയുള്ള ആ ജീവിതം അഭിമാനപൂർണ്ണമാണെന്നും എനിക്കു തീർച്ചയായി. "ഇതൊക്കെ ശരിതന്നെ; പക്ഷെ, നിങ്ങളുടെ അഭിനയപാടവം ഞാൻ ഇതുവരെ നേരിട്ടു കണ്ടിട്ടില്ലല്ലോ" ഞാൻ ഒടുവിൽ ഇങ്ങിനെയാണ് പറഞ്ഞതു്.

"അതിന് പ്രയാസമില്ല. ഏതു രസം വേണമോ എപ്പോൾ വേണമെങ്കിലും അഭിനയിച്ചുകാണിച്ചുതരാം. ഇപ്പോൾ തന്നെയാകുന്നതിനും വിരോധമില്ല."

തത്സമയം ആഫീസ് ബോയ് അവിടെവന്നു്, "സാർ കർത്താവെജമാനൻ വന്നിരിക്കുന്നു" എന്നറിയിച്ചു. അവളുടെ സൊല്ല ഒഴിക്കാനുള്ള സന്ദർഭം ലഭിച്ച സന്തോഷത്തോടെ ഞാനവളോടുപറഞ്ഞു; ശരി. ഞാൻ ഭവതിയെ മറക്കുകയില്ല. തക്കസമയത്തു് അറിയിക്കുന്നതാണ്."

"ഇതെല്ലാം വെറും സൂത്രം. രണ്ടിലൊന്ന് ഇപ്പോൾ പറയണം. അല്ലെങ്കിൽ അങ്ങ് എന്നെ നിഷ്കരുണം മറന്നുകളയും." എന്ന് ദയനീയമായ സ്വരത്തിൽ അവൾ അപേക്ഷിച്ചു. "എന്നാൽ ഒരു കാര്യം ചെയ്ക. ആ മുറിയിൽപോയി ഇരിക്കണം." എന്നു പറഞ്ഞു ഞാനൊരു മുറി കാണിച്ചുകൊടുത്തു. അവൾ സംതൃപ്തിയോടെ അതിനകത്തു കടന്ന് വാതിലുമടച്ചു.

ചന്ദ്രശേഖരൻ കർത്താവ് കുറേക്കാലം എന്റെ അയൽവാസിയായിരുന്നു. ഒരു മാതുലനെപ്പോലെ ഞാൻ അദ്ദേഹത്തെ ഹൃദയപൂർവ്വം ബഹുമാനിച്ചിരുന്നു. അദ്ദേഹത്തിന്റെ മകൻ വിക്രമനും ഞാനും സതീർത്ഥ്യന്മാരും ആത്മസുഹൃത്തുക്കളുമായിരുന്നു. ഇപ്പോൾ അവരെല്ലാം അവരുടെ സ്വന്തനാട്ടിലാണ് താമസം. എന്തെന്നാൽ മി. കർത്താവിന് പെൻഷ്യൻ ആയിപ്പോയി. തൻമൂലം സ്വദേശത്തു് താമസിക്കാനും അവരെല്ലാം നിർബന്ധിതരായിത്തീർന്നു.

"നമസ്കാരം. അവിടുന്ന് എപ്പോൾവന്നു?" ഞാൻ സവിനയം ചോദിച്ചു.

"ഇന്നുരാവിലെ വന്നതാണ്. വലിയ ജോലിത്തിരക്കായിരിക്കും. ഞാൻ വന്നതു് ഉപദ്രവമായോ—"

"ഹേയ്! ഒരിക്കലുമില്ല—അതിരിക്കട്ടെ. വിക്രമന് സൗഖ്യം തന്നല്ലോ. ജോലി ഇപ്പോൾ എവിടെയാണ്? പഴയസ്ഥലത്തുതന്നെയോ? പ്രമോഷൻ വല്ലതും കിട്ടിയോ?—"

"ഓഹോ! രാമപുരത്താണ്. ഇപ്പോൾ അവന് ജോലി അന്ന് അവൻ ബാങ്കിലെ ക്ലാർക്കല്ലായിരുന്നോ? ഇന്ന് രാമപു

ലം ബ്രാഞ്ച് മാനേജരാണവൻ. ഒന്നരണ്ടു ദിവസത്തിനു മുൻപ് ഞാനവിടെ പോയപ്പോൾ അവൻ ഇങ്ങോട്ടു വന്നതായി അറിവുകിട്ടി. എന്തുപറയട്ടേ മി: സുരേന്ദ്രൻ? അവൻ അധഃപതിച്ചുപോയി.

"എന്ത്?" അൽഭുതാധീനനായി ഞാൻ ചോദിച്ചു.

"ഏതോ ഒരു നാടകക്കാരിയുടെ പുറകെ ഇറങ്ങിത്തിരിച്ചിരിക്കുകയാണവൻ—".

"ഒരിക്കലുമില്ല. വിക്രമന് അങ്ങിനെ ഒരു ദുർബുദ്ധി തോന്നാനിടയില്ലല്ലോ—അങ്ങേക്ക് തെറ്റിപ്പോയിരിക്കും—"

"അല്ല. ഞാൻ സത്യം ചെയ്യാൻ തയാർ. അവൻ ഇങ്ങിനെ പ്രവത്തിക്കുമെന്ന് ഞാൻ സ്വപ്നേപി ശങ്കിച്ചതല്ല. വാസ്തവത്തിൽ അവന്റെ പിതൃത്വത്തിൽ ഞാൻ ഒരു കാലത്ത് അഭിമാനപുളകിതനായിരുന്നു. ഇപ്പോൾ അതെല്ലാം വെറും സ്വപ്നതുല്യമായിത്തീന്നു. ഞാൻ നല്ലതുപോലെ ഉപദേശിച്ചു നോക്കി. ആ നാടകക്കാരി ദാസിയെ വിവാഹം ചെയ്തേ അടങ്ങുവെന്നാണവന്റെ പിടിവാദം. എന്തു ചെയ്യട്ടെ?. സംഗതികളുടെ പരമാത്ഥസ്ഥിതി മനസ്സിലാക്കി അവൾ അവനെ സ്വീകരിക്കാതിരുന്നാൽ മതിയായിരുന്നു. അതിലേക്കുവേണ്ടി എത്രപണം ചിലവാക്കുന്നതിനും ഞാൻ തയാർ..." അദ്ദേഹത്തിന്റെ ഓരോ വാക്കിലും ആത്മാത്ഥത തെളിഞ്ഞു വിളങ്ങിയിരുന്നു.

"അവളുടെ പേരന്തെന്നറിയാമോ?"

"ഓഹോ! ഏതോ ഒരു 'പ്രേമ'യാണവൾ.

എന്ത്? പ്രേമകുമാരിയോ?

"അതെ. ഉം? നിങ്ങൾക്കവളെ അറിയാമോ?

"അറിയാമെന്നു മാത്രമല്ല. അവളെ ഇപ്പോൾ ഹാജരാക്കുകയും ചെയ്യാം". ·

സ്തബ്ധനായിരുന്ന കത്താവദ്ദേഹത്തിനെ നോക്കാതെ ഞാൻ പ്രേമകുമാരിയിരുന്ന മുറിയുടെ അരികിൽപോയി "ഒന്നിങ്ങോട്ടുവരണം" എന്നു പറഞ്ഞു. അവൾ വാതൽ തുറന്ന് എന്നോടുകൂടെ വന്നു. ഞങ്ങൾ കത്താവദ്ദേഹത്തിന്റെ സന്നിധിയിലെത്തി. "മിസ്സ് പ്രേമേ! ഇദ്ദേഹമാണ് വിക്രമൻ കത്താവിന്റെ അഛൻ" എന്ന് അവളെ അമ്പരപ്പിക്കുവാനായി ഞാൻ പറഞ്ഞു.

എന്തൊരതിശയം. അവൾക്കു യാതൊരു ഭാവഭേദവുണ്ടായില്ല. അവൾ അദ്ദേഹത്തെ താണുവണങ്ങി.

"ഇദ്ദേഹത്തിന്റെ പുത്രനും ഭവതിയുമായി വിവാഹബന്ധത്തിലേർപ്പെടാൻ പോകുന്നുവെന്ന വാത്ത ശരിയാണോ?" ഞാൻ ചോദിച്ചു.

അല്പം ആലോചിച്ചതിനു ശേഷം അവൾ പറഞ്ഞു: "എനിക്ക് ആരെയും വിവാഹം ചെയ്യണമെന്ന് മോഹമില്ല-സമ്മതവുമില്ല-"

എന്നെ സഹായിക്കണം" എന്ന് നിങ്ങൾ പറഞ്ഞപ്പോൾ യഥാർത്ഥത്തിൽ നിങ്ങൾ എന്നെ ചതിക്കാനുദ്ദേശിച്ചതായിരുന്നുവെന്ന് ഇപ്പോൾ മനസ്സിലാകുന്നു. എന്തെന്നാൽ നിങ്ങൾ അഭിനയകലയെ പ്രധാനമായി കരുതിയിട്ടുണ്ടെങ്കിൽ വിവാഹത്തിന് ഒരുമ്പെട്ടുകയില്ല. കാരണം വൈവാഹികജീവിതം നിങ്ങളുടെ കലാബോധത്തിന്റെ ശവക്കുഴി തോണ്ടും. എത്രയോ ഉദാഹരണങ്ങൾ

എനിക്കറിയാം. ഏതായാലും നിങ്ങൾക്കുപോകാം. മനസ്ഥൈര്യമില്ലാത്ത ഒരാളെ സഹായിക്കാനും, തൻമൂലം ഒരു വലിയ കലയെ വ്യഭിചരിപ്പിക്കാനും ഞാൻ തയാറില്ല-" ഞാൻ ഗൗരവത്തിൽ പറഞ്ഞു.

"ഞാൻ അദ്ദേഹത്തെ വിവാഹം ചെയ്യുകയില്ലെന്നു് സത്യംചെയ്തു പറഞ്ഞുവല്ലോ-" അവൾ ശാന്തസ്വരത്തിൽ മറുപടി പറഞ്ഞു.

"അങ്ങിനെയാണെങ്കിൽ, നിങ്ങൾ അടിയ്ക്കടി അവനെ കാണുന്നതും മററും എന്തിനു?" കർത്താവദ്ദേഹം ചോദിച്ചു.

"എന്തിനെന്നോ? അദ്ദേഹത്തെ ഒരു യഥാർത്ഥസ്നേഹിതനായി ഞാൻ ബഹുമാനിക്കുന്നതുകൊണ്ടു തന്നെ. സ്ത്രീജനങ്ങളോടു ഇത്രയും മര്യാദയായി പെരുമാറുന്ന മറെറാരു സൗസ്വഭാവിയായ യുവാവിനെ കാണാൻ പ്രയാസം-".

"അങ്ങിനെയുള്ള ഒരു യുവാവിനെ നീ പ്രേമിക്കുന്നില്ലേ?" അദ്ദേഹം വീണ്ടും ചോദിച്ചു.

"എന്നെപ്പോലെ നിർധനയായ ഒരു നാടകക്കാരി അദ്ദേഹത്തെ സ്നേഹിക്കുന്നില്ലെന്നു പറയുന്നതു് ഒരുപക്ഷെ പരിഹാസമായി തോന്നും. എൻെറ കാര്യം അങ്ങിനെ അല്ല. അദ്ദേഹത്തെ വിവാഹം ചെയ്യുന്നതിൽ നിന്നു് എന്നെ പിന്തിരിപ്പിക്കുന്നതു് എനിക്കു് നാട്യകലയോടുള്ള അതിരററ പ്രണയമാണു്. ഒരൊന്നാംതരം നടിയായി മരിക്കണമെന്നല്ലാതെ വേറെ യാതൊരു വാഞ്ഛയും എനിക്കില്ല. അങ്ങിനെ ഇരിക്കെ എനിക്കു് അദ്ദേഹത്തെ പ്രണയിക്കാൻ കഴിയുന്നതാണോ?-"

"ശരി. നീ അങ്ങിനെ വിചാരിക്കുന്നുണ്ടായിരിക്കാം. എന്നാൽ അവൻ നിന്നെ പ്രേമിക്കുന്നുവെങ്കിലോ? അവൻെറ തലച്ചോറു ചുടുപിടിച്ചുപോയി. ശരിയായി ജോലി ചെയ്യുന്നില്ല. ഇങ്ങിനെ കഴിഞ്ഞാൽ അവൻ അത്യന്തം ദയനീയമായ ഒരു നിലയിലെത്തും. അവൻെറ യഥാർത്ഥമിത്രമെന്ന നിലയിൽ നീ അവനെ ഉപദേശിക്കണം. മേലാൽ നൻെറ വീട്ടിൽ വരരുതെന്നു് നീ തന്നെ അവനോടു പറയണം-" ആ പിതാവു് യാചിച്ചു.

"അദ്ദേഹം എൻെറ ഭവനത്തിൽ വരുന്ന പതിവില്ലല്ലോ. മിക്കവാറും കടൽപ്പുറത്തോ, പാർക്കിലോ വച്ചാണു് ഞങ്ങൾ കണ്ടുമുട്ടുന്നതു്-".

"വളരെ നല്ലതു്. മേലാൽ തമ്മിൽ കാണാനിടവരുത്തരുതെന്നു് അദ്ദേഹത്തോടു് ഭവതി പറയണം. ഭവതിയുടെ ഭാവിയെ മുൻനിർത്തി ഇത്രയും ചെയ്തേതീരു-" ഞാൻ ഇടയിൽ കടന്നു പറഞ്ഞു.

"എൻെറ ഭാവിയെ അടിസ്ഥാനപ്പെടുത്തിയോ?-" അവൾ സാൽഭുതം ചോദിച്ചു.

"അതെ" ഞാൻ ഉറപ്പിച്ചു പറഞ്ഞു.

"അങ്ങിനെ പറഞ്ഞതുകൊണ്ടു് അദ്ദേഹത്തിനു് എന്നോടുള്ള പ്രണയം കുറയുമെന്നു് നിങ്ങൾക്കു വിശ്വാസമുണ്ടോ?" അവൾ വീണ്ടും ചോദിച്ചു.

"പറയേണ്ട രീതിയിൽ പറയണം. എന്നാൽ ഈ പ്രണയഭ്രാന്തെല്ലാം പമ്പകടക്കും." ഞാൻ ഉപദേശിച്ചു.

"നിങ്ങൾ പറയുന്നതു കേൾക്കുമ്പോൾ, ഞാൻ അദ്ദേഹത്തോടു് അത്യന്തം

വെറുപ്പുകാണിക്കണമെന്നും, തൻമൂലം അദ്ദേഹത്തിന് എന്നിൽ വൈരസ്യം ജനിക്കണമെന്നുമാണ് നിങ്ങളുടെ ഉദ്ദേശമെന്നു തോന്നുന്നു. അവൾ പൊട്ടിച്ചിരിച്ചു. അത്ഥമില്ലാത്തവിധത്തിൽ പൊട്ടിച്ചിരിക്കാൻ ആയുസ്സു മുഴുവനും ഫലാരതപസ്സു ചെയ്തു ഒടുവിൽ നിരാശയോടെ പിന്തിരിയുന്ന ചില സിനിമാതാരങ്ങൾ അവളോടു ശിഷ്യപ്പെടണമെന്ന് അതു കണ്ടപ്പോൾ എനിക്കു തോന്നിപ്പോയി.

"ഞാൻ ഒരു പിതാവു്. എനിക്കുവേണ്ടിയെങ്കിലും നീ അവനെ മറക്കുകയില്ലേ?-" കത്താവു് അപേക്ഷിച്ചു.

"ഹ! അദ്ദേഹത്തെ മറക്കുകയോ?" അവൾ കരങ്ങളാൽ മുഖം പൊത്തി. അവൾക്കു് അസഹ്യമായ വേദനയുണ്ടായി എന്നെനിക്കു ബോദ്ധ്യപ്പെട്ടു. "ഈ വിധത്തിൽ ഒരു മഹാത്യാഗം ചെയ്യത്തക്കവണ്ണം എന്തൊരുപകാരമാണ് നിങ്ങൾ എനിക്കു് ചെയ്തതു്?-" എന്നിങ്ങിനെ ഇടർച്ചയോടെ അവൾ പറഞ്ഞു.

"എന്നെ വിശ്വസിക്കണം. ഞാൻ നിങ്ങളെ സഹായിക്കാം. നിങ്ങളുടെ നാട്യകലാ പ്രണയത്തെ എന്നാലാവും വിധം ഞാൻ പോഷിപ്പിക്കാം. ഇത്രയും ചെയ്യാൻ എന്നാൽ സാധിക്കും-" ഞാൻ ദൃഢസ്വരത്തിൽ അവളോടുപറഞ്ഞു.

"ശരി അടുത്തദിവസം വൈകുന്നേരം അദ്ദേഹവുമൊരുമിച്ച് നിങ്ങൾ എന്റെ ഭവനത്തിൽ വരണം. അപ്പോൾ ഞാൻ വേണ്ടതു പ്രവത്തിച്ചുകൊള്ളാം. അതിനുശേഷം എന്നെ കാണാൻ അദ്ദേഹം മുതിരുകയില്ല-".

അവൾ പോയി. ചിത്തഭ്രമം പിടിപെട്ടവനെപ്പോലെ ഞാൻ കുറേനേരം അനങ്ങാതിരുന്നുപോയി. എന്നാൽ പെട്ടെന്ന് അവൾ വിക്രമനെ വിവാഹം ചെയ്യുകയില്ല: വിക്രമനെ വിവാഹം ചെയ്യുകയില്ല" എന്ന് ആരോടെന്നില്ലാതെ പുലമ്പി.

"എന്തെന്നു്?" കത്താവദ്ദേഹം ആശ്ചര്യത്തോടെ ചോദിച്ചു.

"ഒന്നുമില്ല. ഞാൻ വിക്രമനെ പരിഹസിക്കുന്നതായി തോന്നരുതു്. ഇപ്പോൾ ഇവിടെനിന്ന് പോയ യുവതിയെ വിവാഹം ചെയ്യാനുള്ള മഹാഭാഗ്യം വിക്രമനെന്നല്ല, ആക്കും തന്നെ ഇല്ല. അങ്ങ് പരിഭ്രമിക്കണ്ടാ. എന്തെന്നാൽ പ്രേമകുമാരി ദാമ്പത്യബന്ധത്തിലേപ്പെടുന്നതു് നടനകലക്കു് അപരിഹാര്യമായ ഒരു മഹാനഷ്ടമായിരിക്കും."

എന്റെ ബഹുമാന്യ സ്നേഹിതൻ ഇതുകേട്ട് ഒരു ശിലാപ്രതിമപോലെ ഇരുന്നുപോയി!

പിറേറദിവസം രാത്രി എട്ടുമണിയിരിക്കും. വിക്രമനേയും സൂത്രത്തിൽ വിളിച്ചുകൊണ്ട് ഞങ്ങൾ അവൾ താമസിക്കുന്ന വീട്ടിൽ എത്തി. അതൊരു പഴയ വീടായിരുന്നു. ഞങ്ങൾ ചെന്നയവസരത്തിൽ ആ വീട്ടിന്റെ തളത്തിൽ ഒരു കിഴവി മാത്രമേ ഉണ്ടായിരുന്നുള്ളു. ഞങ്ങളെ കണ്ടയുടൻ അവർ എണീററ് "വരണം, പ്രേമപറഞ്ഞു നിങ്ങളെല്ലാം വരുമെന്നു! ഇരിക്കണം. പ്രേമ എന്റെ മകളാണ്."

താടകയെപ്പോലെ ഭയങ്കരിയും, വൃത്തികേടിന്റെ ആവാസഭൂമിയുമായിരുന്ന ആ കിഴവിയെ നോക്കുന്തോറും വിക്രമൻ പല്ലുകടിച്ചുതുടങ്ങി. ഞാൻ അതു മനസ്സിലാക്കി. പ്രേമയുടെ അപാരമായ

ബുദ്ധിശക്തിയിൽ ഞാൻ അതിശയിച്ചു. തന്റെ പ്രണയിനിയുടെ മാതാവ് ഇങ്ങിനെയുള്ള ഒരു വൃത്തികെട്ട സ്വഭാവമാണെന്നറിയുമ്പോൾ അയാൾ താനേ പൊയ്ക്കൊള്ളുമെന്നാണ് അവളുടെ പ്ലാൻ. അതു ശരിക്കു ഫലിച്ചു. കുറെനേരം ഇരുന്നിട്ടും പ്രേമയെ കണ്ടില്ല. ആകപ്പാടെ വിഷമിച്ചു വിക്രമൻ വെറുപ്പോടെ വെളിയിലിറങ്ങി, അസ്വസ്ഥനായി അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരുന്നു.

കിഴവി, അവൾ ഇപ്പോൾവരും” എന്നു പറഞ്ഞിട്ട് ഓരോ അസംഭാവ്യസംഗതികളെക്കുറിച്ചു പറഞ്ഞുതുടങ്ങി. അവളുടെ ആ സ്വരമാധുരികേട്ടപ്പോൾ എനിക്കു വാസ്തവത്തിൽ ഭയംതോന്നിപ്പോയി. പക്ഷെ എന്തുചെയ്യാം? വെററക്കാവി പിടിച്ച പല്ലുകളത്രയും വെളിയിൽ കാണിച്ചുകൊണ്ട് അവൾ ചോദിക്കുകയാണ്, ഞാൻ പാടുന്നതു നിങ്ങൾ കേട്ടിരിക്കുകയില്ലല്ലോ. പ്രേമക്ക് പാട്ടുപറഞ്ഞുകൊടുത്തതും മററും ഞാനാണ്.” എന്ന്, ഞങ്ങളുടെ ഉത്തരവിനു കാത്തിരിക്കാതെ അവൾ പാടിത്തുടങ്ങി. സംഗീതത്തെ അംഗപ്രത്യംഗം കൊലചെയ്തുകൊണ്ടുള്ള ആ അലച്ചുകേട്ട് ചെവിക്കല്ലു പൊട്ടിത്തെറിച്ചുപോകുമെന്ന് എനിക്കു തോന്നി. വിക്രമനെ സംബന്ധിച്ചിടത്തോളം വന്നകാര്യം വിജയകരമായവസാനിച്ചതിനാൽ ആ കിഴവിയുടെ അറുകൊല വിളിയും സഹിച്ചുകൊണ്ട് പ്രേമ വരുന്നതുവരെ അവിടെ കാത്തിരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു”. വിക്രമൻ പോകാം” എന്നു പറഞ്ഞുകൊണ്ട് ഞാൻ എണീററു.

“ആര്, വിക്രമനോ? എവിടെ ആ പോക്കിരി? എന്റെ മകളെ സ്വൈരം കെടുത്തുന്ന ആ ധിക്കാരി എവിടെ?” എന്നു ചോദിച്ചുകൊണ്ട് കിഴവി എന്റെ മുമ്പിൽ ചാടിവീണു. പരമാർത്ഥത്തിൽ ആ ചാമുണ്ഡിയെകണ്ട് ഞാൻ നടുങ്ങിപ്പോയി. അപ്പോൾ അവൾ മന്ദസ്വരത്തിൽ എന്നോടു ചോദിക്കുകയാണ്. “എനിക്ക് അഭിനയിക്കാനറിയാമോ?” എന്ന് വേറെ ആരും അതു കേട്ടില്ല.

ഞാൻ സ്തംഭിച്ചുപോയി. എന്റെ കണ്ണുകൾ എന്നെ വഞ്ചിച്ചു. കാതുകളെ വിശ്വസിക്കാനും ഞാൻ ഇപ്പോൾ ഭയപ്പെട്ടു. അവൾ പ്രേമതന്നെ—അതെ. സൗന്ദര്യമൂർത്തിയായ പ്രേമതന്നെ—എന്റെ ഹൃദയം ആനന്ദംകൊണ്ടു തുള്ളിച്ചാടി. പാക്കററിൽനിന്ന് ഒരു കടലാസ്സ് വലിച്ചെടുത്ത് അതിൽ ഇങ്ങിനെ എഴുതിക്കൊടുത്തു. “അടുത്ത ചിത്രത്തിൽ നീതന്നെ കഥാനായിക!” എന്നിട്ട് മററവർ സംശയിക്കാതിരിക്കാൻവേണ്ടി “ഇതിനെ നിന്റെ മകളുടെ കയ്യിൽ കൊടുക്ക്” എന്നുറക്കെ പറഞ്ഞിട്ട് ഞാൻ തിരിഞ്ഞുനടന്നു അവർ നിൽക്കുന്നിടത്തു ചെന്നു. എന്റേയും കർത്താവിന്റേയും മനസ്സു രണ്ടുകാരണങ്ങളാൽ ശാന്തമായി.

വിക്രമൻ ഒരു ദീർഘശ്വാസത്തോടെ നേരെ കിഴവിയുടെ സമീപത്തുചെന്നു “ഛെ! കിഴവീ! നിന്നെപ്പോലുള്ള പിശാചിന്റെ കയ്യിലോ എന്റെ പ്രേമകുമാരി അകപ്പെട്ടുകിടക്കുന്നത്? എന്നിട്ടും അവൾ എത്ര ഉത്തമയായി കാണപ്പെടുന്നു. ഈ വിധത്തിലുള്ള ഒരു രാക്ഷസിയാണ് അവളുടെ മാതാവെന്നും, ആ ദുഷ്ടയുടെ മേൽനോട്ടത്തിലാണ് അവൾ വളരുന്നതെന്നും ഓർക്കുമ്പോൾ എന്റെ പ്രേ

മയോടെനിക്കുള്ള പ്രേമം വർദ്ധിക്കുകയാണ് ചെയ്യുന്നതു്. മനസ്സാക്ഷിയോ മഹാമനസ്കതയോ ഇല്ലാത്ത കിഴവി! ആരു തടുത്താലും ശരി, പ്രേമയെ ഞാൻ വിവാഹം ചെയ്യും”

കർത്താവും ഞാനും ഞെട്ടിപ്പോയി. വിചാരിച്ചതിനു നേരെ വിപരീതമായിട്ടു എല്ലാം കലാശിച്ചു. അടുത്തതായി അവിടെ എന്തുനടക്കുമെന്നു് എനിക്കു തീർച്ചയുണ്ടായിരുന്നു. കൃത്രിമവേഷോപകരണങ്ങളെല്ലാം ദൂരെ വലിച്ചെറിഞ്ഞിട്ടു് ആ ‘കിഴവി’ വിക്രമനെ ഒന്നു നോക്കി.

“ഹാ! എന്റെ പ്രേമയോ?” ആ പ്രണയസമ്പന്നൻ അത്ഭുതാധീനനായി.

“അതെ. എന്റെ സാഹസത്തെ ക്ഷമിക്കണേ! അങ്ങയെ വഞ്ചിക്കാൻ ശ്രമിച്ചിട്ടു് പരാജയമാണു് ഫലം. അങ്ങയെക്കാൾ ഞാൻ ലളിതകലകളെ കൂടുതൽ സ്നേഹിച്ചു. എന്നാൽ എന്റെ തെററു് ഇപ്പോഴെനിക്കു മനസ്സിലായി. മേലാൽ ഈ പ്രേമ എന്നെന്നും അങ്ങയുടെ വിനീതയായ കൂട്ടുകാരിയാണു്” അവൾ മധുരമായി പറഞ്ഞു.

കൂട്ടുകാരിയോ? അല്ല. എന്റെ ജീവിതയാത്രയിലെ പങ്കുകാരിയെന്നു പറയൂ ഓമനേ!” വിക്രമൻ തിരുത്തി. അവൾ ആ യുവാവിനെ പ്രേമപൂർവ്വം കടാക്ഷിച്ചു.

ഇനി അവിടെ നിൽക്കുന്നതു് ന്യായമല്ലെന്നു കരുതി ഞാനും കർത്താവദ്ദേഹവും നടന്നു. “എന്തൊരു ഭ്രാന്താണിതു” അദ്ദേഹം പറഞ്ഞു.

“ഒരിക്കലുമല്ല. അവൾ കലയുടെ ജീവനാണു്. അവളെ ഭാര്യയായി ലഭിക്കുവാൻ ഭാഗ്യം ചെയ്യണം” ഞാൻ സഹിക്കാതെ പറഞ്ഞുപോയി.

“ഞാനതു സമ്മതിക്കുകയില്ല. തീർച്ചയായും അതിനനുവദിക്കുകയില്ല”. അദ്ദേഹം ദ്വേഷസ്വരത്തിൽ പറഞ്ഞു.

“സത്യമാണോ അങ്ങു പറയുന്നതു്? നെഞ്ചിൽ കൈവച്ചു് പറയണം. ഇവിടെ നടന്നതെല്ലാം കണ്ടതിനുശേഷവും അങ്ങിനെ പ്രവർത്തിക്കാൻ അവിടുത്തേക്കു തോന്നുന്നുവോ?”. അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞുപോയി ഈ വാക്കുകൾ കേട്ടപ്പോൾ.

“വാസ്തവം ശിലയുമലിയിക്കുന്ന രംഗം തന്നെയായിരുന്നു. സുരേന്ദ്രാ!—കുഴിയിലേക്കു കാലുംനീട്ടിയിരിക്കുന്ന ഞാനെന്തിനു് അവരുടെ ആനന്ദത്തിനു് എതിരായിനിൽക്കുന്നു.” ഒരു ചെറിയ നെട്ടുവീർപ്പോടെ അദ്ദേഹം പറഞ്ഞു. എനിക്കു വലിയ ആശ്വാസം തോന്നി!

കേശബന്ധു (ഹെയർ ഓയിൽ)

ഹൃദ്യമായ വാസനയോടുകൂടിയ ഈ ഹെയർ ഓയിൽ മുടികൊഴിച്ചിലിനെ നിശ്ശേഷം നിഹനിച്ചു മുടിക്കു നല്ല കറുത്തനിറത്തേയും ശിരസ്സാരോഗ്യത്തേയും പ്രദാനം ചെയ്യുന്നു. കൂടാതെ ആയുർവ്വേദ വിധിപ്രകാരമുള്ള എല്ലാ ഔഷധങ്ങളും മിതമായവിലയ്ക്കു ഇവിടെ വില്ക്കപ്പെടുന്നു.

മാനേജർ, മട്ടക്കുഴി വൈദ്യശാല,—കാഞ്ഞിരപ്പള്ളി

യുദ്ധം അവസാനിച്ചോ?

യുദ്ധാരംഭം മുതൽ ജൗളിത്തരങ്ങൾക്കു വിലകൂടി. നല്ലഇനം തുണികളോ സിൽക്കുകളോ കിട്ടുന്നില്ല. എന്നാൽ

വൈററഹാൾ സിൽക്കപാലസ്

നിങ്ങൾ സന്ദർശിച്ചാൽ യുദ്ധം അവസാനിച്ചോ എന്ന് നിങ്ങൾക്കു തോന്നിപ്പോകും. വിവിധനിറത്തിലും തരത്തിലുമുള്ള ചീട്ടികളും സാരികളും വേഷ്ടികളും അവിടെ കാണാം. വിലയോ വളരെ കുറവ്. ഈ മാസത്തിൽ വളരെ അധികം തുണിത്തരങ്ങൾ അവിടെ വന്നുചേരുന്നതും, പുതിയ ചരക്കിന് ഗണ്യമായ വിലക്കുറവ് ഉണ്ടായിരിക്കുന്നതുമാണെന്ന് അറിയുന്നു.

വൈററഹാൾ സിൽക്കപാലസ്,

കെ. കെ. റോഡ്, കോട്ടയം.



ചെറുകഥ —

മോഹനസ്വപ്നം

(വിദ്വാൻ ശങ്കരൻ കരിപ്പായി)

ഞാൻ ഉണർന്നു. പക്ഷേ എല്ലാടവും ഇരുട്ടുതന്നെ. ആ റോട്ടിൽക്കൂടി ഒരു കാളവണ്ടിയുടെ മരച്ചക്രങ്ങൾ കല്ലിൽ ഉരുണ്ടുപോകുന്ന "കറകാ" ശബ്ദം കേട്ടു. അതാണെന്നെ ഉണർത്തിയതെന്നു തോന്നുന്നു. ആ ശബ്ദംപതുക്കെപ്പതുക്കെ കേൾക്കാതായി. അതങ്ങിനെ ഒലിച്ചുപോയി.

അയ്യോ! നേരം എത്രയായി! എനിക്കറിഞ്ഞുകൂടാ. പക്ഷെ പുറമേ ചില ബഹളങ്ങൾ കേൾക്കാം. അടുത്തു വലത്തുഭാഗത്തുള്ള ഹോട്ടലിൽനിന്നും ഒരു വഴിയാത്രക്കാരന്റെ സംസാരം ഇടത്തുഭാഗത്തുള്ള ചാരായക്കടയിൽ നിന്നും കുടിച്ചു ലഹരിപിടിച്ചു റോട്ടിലേയ്ക്കിറങ്ങിനിന്നു ഉച്ചത്തിൽ അസഭ്യങ്ങൾ വിളിച്ചു പറയുന്ന മദ്യപാനിയുടെ ആക്രോശങ്ങൾ. പിന്നെയും പലരുടേയും സംസാരം. എനിക്കൊന്നും മനസ്സിലായില്ല.

അസ്തമിക്കാറായ ചന്ദ്രന്റെ ഒരു ചെറുനിലാവു എന്റെ മുറിയിലേയ്ക്കു എത്തി! നോക്കുന്നുണ്ടായിരുന്നു. ആ കിടക്കയിൽ കിടന്നുകൊണ്ടു അകലത്തു ആകാശത്തുള്ള ആ ചന്ദ്രനെ എനിക്കു കാണുകയും ചെയ്യാം. ഞാൻ അങ്ങോട്ടൊന്നു നോക്കിപ്പോയി. ഇടയ്ക്കിടെ മേഘക്കഷണങ്ങൾ പറന്നുവന്നു. അതിനെ മറച്ചുകൊണ്ടിരുന്നു. അങ്ങിനെ ആ മുറിയിൽ എന്റെ മുമ്പിൽ നിലാവും നിഴലും മാറി മാറി കാണപ്പെട്ടു. ഏതാണ്ടു എന്റെ ഹൃദയവികാരങ്ങളും അതുപോലെ ഇരുട്ടും വെളിച്ചവും ഇടകലർന്നിരുന്നു.

അകലെ കുന്നിൽനിന്നും പെട്ടന്നു ഒരു കുറുക്കന്റെ 'ഓരിയിടൽ' കേട്ടു. അടുത്തുള്ള മരക്കൂട്ടങ്ങളിൽനിന്നും ഒരു കാട്ടുപക്ഷിയുടെ കരച്ചിലും പൊങ്ങിക്കേട്ടു. നേരം ഏതാണ്ടു ഒരു മണികഴിഞ്ഞിരിക്കണം. എന്റെ ഊഹം അതാണ്. പരിസരങ്ങളെ മനസ്സുകൊണ്ടളന്നപ്പോൾ കിട്ടിയ ഉത്തരമങ്ങിനെയാണ്.

ഞാൻ എന്നെത്തന്നെ ശപിച്ചു. ഇത്ര നേരത്തെ ഞാൻ ഉണർന്നതെന്തിനാണ്! അയ്യോ! ഇനി ഉറക്കംവരാൻ എന്തൊരു വിഷമമാണ്. സാധാരണയിലും വളരെ വൈകിയിട്ടാണ് ഇന്നു ഉറങ്ങിയതുതന്നെ. നേരത്തേതന്നെ ആ ചന്തയിൽനിന്നുള്ള ബഹളം—ആളുകളുടെ അനിയന്ത്രിതമായ സഞ്ചാരം ഇരുവശത്തുമുള്ള ഹോട്ടലിലേയും ചാരായക്കടയിലേയും സംഗീതമേളങ്ങൾ ഇങ്ങിനെ പലതും എന്നെ അസ്വാസ്ഥതയിൽ പിടിച്ചു നിറുത്തിയിരുന്നു.

ഇതാ വീണ്ടും ഉപദ്രവമായി. ഞാൻ ഉണർന്നുപോയി. ഇനി എന്താണു് ചെയ്യേണ്ടതു്? ഉറക്കമില്ലാതെ ഉറങ്ങാൻകിടന്നാലുള്ള വിഷമം! അയ്യോ! ലോകത്തിലെ മഹാവേദനകളിൽ ഒന്നാണതു്.

ഞാൻ കണ്ണടച്ചു വീണ്ടും കിടന്നുനോക്കി. ഈ ഇരുട്ടിലെന്തിനാണ് ഉണർ

ത്, കാണാനൊന്നുമില്ല; അവിടെ സംസാരിക്കാനെനിക്കാരുമില്ല. മഹാദുരിതമായി; ഞാൻ ഒന്നു ചുരുണ്ടുകൂടിക്കിടന്നു, കണ്ണടച്ചു.

പലേവിചാരങ്ങളും മനസ്സിനെ ക്ഷോഭിപ്പിച്ചിട്ടുള്ള ദിവസം രാത്രി കിടന്നാൽ ഉറക്കം വരാൻ താമസമാണ്. അങ്ങിനെയുള്ളപ്പോൾ ഉറങ്ങിയാൽ ഒരിക്കലേ ഉറങ്ങാവുള്ളു. ഇടയ്ക്കുണർന്നുപോയാൽതീർന്നു; അന്നത്തെ ഉറക്കം, പിന്നെ അതു മടങ്ങിവരില്ല. പിന്നെ നാം കാലും കൈയ്യും തിരിച്ചും മറിച്ചും വെയ്ക്കും; തലതിരിച്ചു കിടന്നുനോക്കും, കമിഴ്ന്നും മലർന്നും ചരിഞ്ഞും കിടക്കും; പക്ഷെ അവിടെയെങ്ങും ഉറക്കത്തെ കണ്ടെത്തുകയില്ല. ഇതുതന്നെയാണ് എനിക്കും അനുഭവപ്പെട്ടതു്.

എൻെറ തലച്ചോറിളകി. അതിനെന്തോ തകരാറു സംഭവിച്ചപോലെ തോന്നി. എൻെറ ബുദ്ധിയിൽ കലങ്ങിയകുളത്തിൽ നിന്നും ചേറുപൊന്തുന്നപോലെ ചില വ്യസനചിന്തകൾ മങ്ങിമങ്ങി പാഞ്ഞുകൊണ്ടിരുന്നു. ഒരു സംഗതിയും മുഴുവൻ രൂപത്തിൽ ഓർക്കാൻ കഴിഞ്ഞില്ല. എന്നാൽ എല്ലാം ഓർക്കുകയും ചെയ്യുകയാണ്. ആദ്യവും അവസാനവുമില്ലാത്ത സംഭവങ്ങളുടെ പഴയസ്മരണകൾ അവയുടെ നേരെ എനിക്കു വെറുപ്പും അവജ്ഞയുംതോന്നി. പക്ഷേ എന്തുചെയ്യാം; അതകന്നുപോകുന്നില്ലതാനും.

എനിക്കു എഴുന്നേററു നടന്നാൽകൊള്ളാമെന്നുതോന്നി. പക്ഷെ ഈ സമയത്തു വഴിയിൽക്കൂടി നടന്നാൽ ആളുകൾ കാണുമ്പോൾ എന്തു പറയും? എനിക്കറിഞ്ഞുകൂടാ. അതാവശ്യമില്ലെന്നു പിന്നീടു തീരുമാനിച്ചു.

അല്ല, ഞാൻ തീപ്പെട്ടി ഒന്നു തപ്പിനോക്കി. എനിക്കു് വിളക്കൊന്നു കത്തിച്ചാൽ വേണ്ടില്ല എന്നായി. പക്ഷെ എൻെറ കൈകൾക്കു് ഒരു ബലക്കുറവു. തീപ്പെട്ടിയുടെ കോലുപിടിച്ചുരച്ചാൽ അതു കത്താനുള്ള ശക്തി ഉപയോഗിക്കാൻ എനിക്കു കഴിയുമോ എന്നൊരു ശങ്ക. കൈകൾക്കു് അത്രമാത്രം ഒരു തളർച്ച. ഞാൻ അനങ്ങാതെ കിടന്നു.

ഏതാണ്ടു എല്ലാടവും നിശബ്ദമായി. അപ്പോഴാണ് അടുത്തുള്ള ആ പള്ളിയിലെ വലിയക്ലോക്കിൽ മണി മൂന്നടിച്ചതു ഹാ! ഞാനോർത്തു. അദ്ദേഹം ആ പള്ളിവികാരി—ആ നല്ല മനുഷ്യൻ ആ മണിയടിച്ചതു കേട്ടിരിക്കയില്ല. സുഖമായ സുഷുപ്തിയിൽ അദ്ദേഹം മയങ്ങിക്കിടന്നിരിക്കും. അദ്ദേഹത്തിന് ജീവിതക്ലേശങ്ങൾ ഒന്നും തടഞ്ഞുനില്ക്കാറില്ല. ആ ക്ലോക്കിൻെറ ശബ്ദം കേൾക്കാൻ എൻെറ ചെവികൾക്കാണ് ഉദ്യോഗം—മൂങ്ങകളും നത്തുകളും കേൾക്കുന്ന അന്നേരത്തുള്ള ഒച്ചകൾക്കു് ഞാനും പങ്കുപററുന്നു. അയ്യോ! ജീവിതക്ലേശങ്ങൾക്കു് കാണാത്തതു കാണാനും കേൾക്കാത്തതു കേൾക്കാനും അറിയാത്തതു അറിയാനും കഴിയും.

മൂന്നുമണിയായി. തീർച്ചയായും ഇനി എനിക്കുറക്കം വരില്ല. പക്ഷെ ഞാനെന്തു ചെയ്യണമെന്നുള്ളതാണ് ഒരു പ്രശ്നം.

രണ്ടുമാസം മുമ്പു് എൻെറ ഭാര്യയും കുട്ടികളും അടുത്തുണ്ടായിരുന്നു. എനിക്കെപ്പോഴും സംസാരിക്കാനാളുണ്ടായിരുന്നു. ഇന്നവർ എൻെറ അടുത്തില്ല. അവർ വീട്ടിൽപോയിരിക്കുന്നു. ഞാൻ തനിയേ

താമസം.

അന്നെല്ലാം ഇളയകുട്ടി രാത്രി കരയുമ്പോൾ ഞാനുണരും. പക്ഷേ കുട്ടിയുടെ കരച്ചിൽ മാറുന്നതോടുകൂടി എനിക്കുറക്കവും വരും. ഒരു ചിന്തയും തലച്ചോറിനെ ചുററിക്കറക്കുകയില്ല—ഒരു ക്ലേശവും മനസ്സിനെ അള്ളിപ്പിടിക്കുകയില്ല. എനിക്കെല്ലാവരും ഉണ്ടു്; എല്ലാവർക്കും ഞാനുമുണ്ടു്. എനിക്കുള്ളിൽ തോന്നുന്നതു ഒരാളോടു പറയാം. അതു കേൾക്കാനാളുണ്ടു്. പറയാനുള്ളതു പറയാതെ ഉള്ളിൽ അടക്കിവെയ്ക്കുമ്പോഴുള്ള ദഹനക്കേടു, ദൈവമേ! എന്തെല്ലാം വേദനകൾ ഉണ്ടാക്കുന്നു; എന്തെല്ലാം വികാരങ്ങൾ ജനിപ്പിക്കുന്നു. അതുതന്നെയാണു് ഭയങ്കരമായ മനോരാജ്യങ്ങൾ സൃഷ്ടിക്കുന്നതു; അത്ഭുതകരമായ വിപരീതചിന്തകൾ ഉല്പാദിപ്പിക്കുന്നതു്.

എന്റെ കുട്ടികളെക്കുറിച്ചു ഞാനാലോചിച്ചു; ഭാര്യയെക്കുറിച്ചു ചിന്തിച്ചു. എന്റെ ഹൃദയം അവരെക്കാണുവാനായിട്ടു വെമ്പിത്തുടങ്ങി. ഞാൻ എഴുന്നേററു നാലുപാടും നോക്കി-കഷ്ടം! ആരെയും കാണാൻ കഴിഞ്ഞില്ല. അവർ അനവധി മൈൽ അകലെ അവരുടെ വീട്ടിൽ ഉറങ്ങിക്കിടക്കുകയായിരിക്കാം. എന്റെ കണ്ണുകൾ ഈ മുറിയിൽ അവരെ തിരയുകയും ചെയ്യുന്നു. എന്തു ചെയ്യും.

പെട്ടന്നു് എന്തോ ഒരു വികലത എന്നെ ബാധിച്ചു. ഞാൻ അറിയാതെതന്നെ ചാടിയെഴുന്നേററു. അതേ, ആ ഇരുട്ടിൽ ഒരു പിശാചിനെപ്പോലെ ഞാൻ എഴുന്നേററുനിന്നു. തീർച്ചയായും ആരെങ്കിലും അന്നേരമെന്നെക്കണ്ടിരുന്നെങ്കിൽ ഭയന്നുപോകുമായിരുന്നു. വാസ്തവത്തിൽ അതോർത്തിട്ടു എനിക്കുകൂടി ഇപ്പോൾ ഭയംതോന്നുന്നു. എന്തിനാണെഴുന്നേററതു എന്നറിഞ്ഞുകൂടാ. ഞാൻ തീപ്പെട്ടിയും വിളക്കും അന്വേഷിച്ചു. ഒന്നും കൈക്കലാക്കാൻ എനിക്കു കഴിഞ്ഞില്ല.

ആ ഫോട്ടോ ഇരിക്കുന്നതു എവിടെയാണെന്നു് എനിക്കോർമ്മയുണ്ടായിരുന്നു. ഹാ! ആ മധുരകാലങ്ങളുടെ ഒരു സമാഹാരം...ആ ഫോട്ടോ...ഞാൻ അതു ചെന്നു് വലിച്ചെടുത്തു—എന്റെ സകലശക്തികളും ഉപയോഗിച്ചു ആ ചുമരിൽനിന്നും ഞാനതു വലിച്ചെടുത്തു.

എനിക്കറിയാം അതിലാരൊക്കെയാണുള്ളതെന്നു് ഹാ! എന്തൊരു സുന്ദരമായ രംഗങ്ങൾ! കേവലം അഞ്ചുമാസം പ്രായമായ എന്റെ ബാബു, ഒരു വട്ടമേശമേൽ കമിഴ്ന്നുകിടക്കുന്ന മനോഹരമായ കവിത അതേ, എനിക്കഭിമാനമുള്ള ആ ഭംഗിയുള്ള ചിത്രം ഞാൻ ആരും കാണാതെ നൂറുരു ചുംബിച്ചിട്ടുണ്ടു്. ഞാനും അഴകും ആരോഗ്യവുമുള്ള എന്റെ ഭാര്യയും മററു കുടുംബാംഗങ്ങളും നിറഞ്ഞ ആ ചിത്രം എന്റെ കൈയ്യിൽ ഇരുന്നുവിറച്ചു. എനിക്കറിയാം അതിലുള്ള ഓരോരുത്തരുടേയും ചിത്രങ്ങൾ ഏതെല്ലാമെന്നു് ഒരററത്തു എന്റെ പ്രിയതമയുടെ സഹപാഠിനി അവളുടെ പുതിയ ഭർത്താവുമായി നിൽക്കുന്നുണ്ടു്. ഇങ്ങിനെ എട്ടുപത്തു പേരുള്ള ആ ചിത്രം എന്റെ കയ്യിൽ നിന്നു തുള്ളിക്കൊണ്ടിരുന്നു. ഏതാണ്ടു നാലുകൊല്ലത്തിനുമുമ്പു കടലാസ്സിൽ പതിഞ്ഞ ആ രംഗങ്ങൾ ഓർക്കുമ്പോൾ ഞാൻ പുളകംകൊള്ളുകയാണു്.

ഇരുട്ടിന്റെ ഏകാന്തതയിൽ ആ ഫോട്ടോ എനിക്കു കുറച്ചാശ്വാസംതന്ന

തായ്തോന്നി. ഞാൻ വീണ്ടും കിടക്കയിൽ വന്നുകിടന്നു. അപ്പോഴും ഫ്റെയിം ചെയ്ത ആ ഫോട്ടോ എന്റെ കൈയ്യിൽ വിറഞ്ഞലിച്ചുതുടങ്ങിക്കൊണ്ടിരുന്നു. ആ ചിത്രങ്ങൾക്കു ജീവനുണ്ടായിരുന്നെങ്കിൽ തീർച്ചയായും അപ്പോൾ എന്റെ പിടിയിൽ ഇരുന്നു അവർ ശ്വാസംമുട്ടി മരിക്കുമായിരുന്നു ഞാനാലോചിച്ചു: "ഹാ! നാലുകൊല്ലത്തിനുമുമ്പു മധുരമായ ജീവിതരംഗങ്ങൾ എന്റെ മനസ്സിൽ എന്നെ പൊട്ടിച്ചിരിപ്പിക്കുവാൻ ഓടിവന്നിട്ടുള്ളതു് എത്ര പ്രാവശ്യമാണ്. എന്റെ കുഞ്ഞിനും അവന്റെ അമ്മയ്ക്കും അകമ്പടിനിന്ന ആരോഗ്യവും ആനന്ദവും എങ്ങിനെയെല്ലാമാണ്? ഞങ്ങൾ പൊട്ടിച്ചിരിച്ചിട്ടുണ്ട്. പാടുവാൻ അറിഞ്ഞുകൂടെങ്കിലും ഞാൻ അന്നാളിൽ ചില പാട്ടുകൾ പാടിയിട്ടുണ്ട്. വള്ളത്തോളിന്റേയും ആശാന്റേയും കവിതകൾ പലരാത്രികളും ഞങ്ങൾ ഒരേകിടക്കയിൽ കിടന്നുപാടി രസിച്ചിട്ടുണ്ട്. അയ്യോ! അതൊന്നും എനിക്കോർക്കാൻ വയ്യ. ഇന്നു ശരീരസുഖമില്ലാതെ ഭാര്യയും കുട്ടികളും അവരുടെ വീട്ടിൽപോയിത്താമസിക്കുന്നു. അവിടെയിരുന്നു കരഞ്ഞും കണ്ണീർതുടച്ചും അവർ കഴിച്ചുകൂട്ടുന്നതു എനിക്കാലോചിക്കാൻ ശക്തിയുണ്ടാകുമോ. അതാലോചിക്കുമ്പോൾ എനിക്കും കണ്ണിൽ വെള്ളംനിറയുന്നു. എന്തുചെയ്യാം.

പിന്നേയും ഞാൻ ആ ചിത്രങ്ങൾ സൂക്ഷിച്ചുനോക്കി. ഒന്നും ആ ഇരുട്ടിൽകാണുകയില്ലെന്നു എനിക്കറിയാം. പക്ഷെ എന്റെ മനസ്സിന്നു് എല്ലാം കാണാൻകഴിയും. ഞാൻ നോക്കി, വീണ്ടും വീണ്ടും നോക്കി. ചുരുളൻതലമുടിയുമായ് വായ് തുറന്നു കമിഴ്ന്നുകിടക്കുന്ന ആ ശിശു. തവിട്ടുനിറത്തിലുള്ള സിൽക്കുബ്ലൌസ്സും ധരിച്ചു മന്ദസ്മിതം തൂകിയിരിക്കുന്ന അവന്റെ അമ്മ. ഹാ! എനിക്കു് ആ മുറിയിൽ എഴുന്നേറ്റുനിന്നു ചാഞ്ചാടുവാൻ തോന്നി. ഉച്ചത്തിൽ പാട്ടുപാടിയാൽ കൊള്ളാമെന്നുതോന്നി. അയ്യോ! ഞാനൊന്നിനും ശക്തനായില്ല. എനിക്കറിയാം; ഇന്നു് അവരെല്ലാം വളരെ ദൂരെയുള്ള വീട്ടിൽ സുഖമില്ലാതിരിക്കയാണെന്നു് വ്യസനവും ക്ഷീണവുംകൊണ്ടു് വാടിത്തളർന്നു കിടന്നുറങ്ങുന്നുണ്ടായിരിക്കുമെന്നെനിക്കറിയാം.

ആയിരമായിരം മോഹനസംഭവങ്ങളുടെ ആകത്തുകയായ ആ ഫോട്ടോ എന്റെ മാറിൽ അപ്പോഴും വിശ്രമിച്ചുകൊണ്ടിരുന്നു.

എന്റെ മനസ്സ് ഒന്നിലും നിൽക്കാതെ പറഞ്ഞുപോയി. ഞാൻ ആലോചിക്കുന്നതു എനിക്കറിയാൻ കഴിഞ്ഞില്ല. എന്തിനോ എന്റെ കൺപോളകൾ അടയുന്നപോലെ തോന്നി. എന്റെ തലച്ചോറു തളർന്നുപോയോ? എനിക്കിനി നേരേ തന്നെ ആലോചിക്കാൻ കഴിയാതാകുമോ? അയ്യോ! തലയിൽ ഒരുതരം മൂടൽമഞ്ഞു ബാധിച്ചുകഴിഞ്ഞു. ഒന്നിനും ഒരു കാഴ്ചയില്ല. ഓർമ്മയില്ല; ശബ്ദമില്ല. ഞാൻ അങ്ങിനെ ഒന്നു മയങ്ങിപ്പോയി.

കുഞ്ഞുങ്ങൾ രണ്ടുപേരും തുള്ളിച്ചാടി കളിക്കുകയാണ്. മൂത്തകുട്ടി 'അവന്റെ അസ്ഫുടവും അനക്ഷരവുമായ കൊച്ചുസംഗീതം താളമേളങ്ങളോടുകൂടി പൊടിതല്ലുകയാണ്. ഇളയകുട്ടി അതനുകരിച്ചു ചാഞ്ചാടുന്നു. ഞങ്ങൾ രണ്ടുപേരും കൂട

വിധിയാണോ?

ഇടയ്ക്കിടം കെ. പങ്കജാക്ഷി അമ്മ.

മുകുന്ദൻ തൻെറ ഭാര്യാപദത്തിലേക്കു ഒരു യുവതിയെത്തന്നെ തിരഞ്ഞെടുക്കുമെന്ന് അയാൾ പരസ്യമായി പ്രസ്താവിച്ചിരുന്നു. അയാൾ വിവാഹം ചെയ്തപ്പോൾ ജനതതി അങ്ങോട്ടു പ്രവഹിച്ചു. ആ കൂട്ടത്തിൽ ഞാനും ഉൾപ്പെട്ടിരുന്നു. എന്നെ കണ്ട ഉടനെ അയാൾ അകത്തേക്കു നോക്കി:—"ഓമനേ! ഓമനേ! നമ്മുടെ സ്നേഹിതൻ മി. ഗിരി ഇതാ വരുന്നു. വേഗം വരു." എന്നു ധൃതികൂട്ടിയെങ്കിലും അയാളുടെ ഓമനയെ പുറത്തേക്കു കണ്ടതേയില്ല. അയാൾ വിളി ആവർത്തിച്ചിട്ട് എൻെറ നേരെ തിരിഞ്ഞു. "ഇരിക്കണം മി. ഗിരി. നമ്മുടെ പ്രണയിനി ഒരു ലജ്ജാവതിയാണ്. അവൾ കൂടിയില്ലാത്തതിൽ താങ്കൾ പരിഭവിക്കരുതേ." വീണ്ടും അകത്തേക്കു നോക്കി:—"ഛേ! ഇതെന്തോമനേ! ഇങ്ങോട്ടു വന്നേ." എന്ന് വിളികൂട്ടി. ഒരു ലജ്ജാശീലയായ യുവതി മന്ദം മന്ദം വാതില്ക്കലോളം വന്നുനിന്നു. പിന്നീങ്ങോട്ടില്ല. കതകു മറഞ്ഞു നിലയായി. മുകുന്ദൻ പരിഭവപ്പെട്ടു. "എൻെറ സ്നേഹിതന്മാരെ സ്വീകരിക്കുമ്പോൾ എപ്പോഴും അവൾ കൂടി ഉണ്ടായിരിക്കണമെന്ന് വിവാഹത്തിനു മുമ്പുതന്നെ ഞാനവളോടു പറഞ്ഞിട്ടുള്ളതാണ്. എന്നിട്ടു കണ്ടില്ലേ?" അപേക്ഷാസ്വരത്തിൽ. "ഓമനേ! ഇങ്ങോട്ടു വന്നേ. ഇ

ത്തിരുന്നു ചിരിക്കാനും ഹാ! അവൾ—എൻെറ കുഞ്ഞുങ്ങളുടെ അമ്മ സന്തോഷിക്കുമ്പോഴുള്ള ഒരു സൌന്ദര്യം —എനിക്കതു പറയാനറിഞ്ഞുകൂടാ. എൻെറ ഹൃദയം മുഴുവനും ഇക്കിളിപ്പിക്കുന്ന ആ മന്ദസ്മിതം... ആ ചെറിയ ചരിഞ്ഞനോട്ടം... എനിക്കസൂയ തോന്നി. ഞാൻ ആ താടി ഒന്നു പിടിച്ചുകുലുക്കി. ആ കുഞ്ഞുങ്ങളുടെ കളികണ്ടു ചിരിക്കുകയാണ്. ആരോഗ്യപൂർണ്ണമായ ആ മൃദുമേനിയിൽ ശുദ്ധിയും അഴകുമുള്ള ഒരു ഹൃദയം എന്നെ തഴുകിക്കൊണ്ടിരിക്കുന്നു. ആ ചുണ്ടിൻെറ ശോണിമ ഞാൻ കള്ളക്കണ്ണിട്ട് ഇടയ്ക്കു ഒന്നു നോക്കും. ഹാ! അവൾ അതുകണ്ടുപോയി; അതറിഞ്ഞുകഴിഞ്ഞു. അയ്യോ! ഇത്ര പെട്ടെന്നു ഞാൻ പ്രതീക്ഷിച്ചില്ല. ഒരാലിംഗനം! അതെന്നെ ആസകലം കോരിത്തരിപ്പിച്ചു; അതേ ഞങ്ങൾ ഗാഢമായി ആലിംഗനത്തിൽ അരനിമിഷം അറിയാതെ നില്ക്കുകയാരുന്നു.

* * *

"താക്കോൽ താക്കോൽ..."

അപ്പോഴാണ് ഒരു സ്നേഹിതൻ വന്നു വാതുക്കൽ മുട്ടിവിളിച്ചതു ഞാൻ പിടഞ്ഞെഴുന്നേറ്റു. എൻെറ കയ്യിൽനിന്നും ഫോട്ടോ കിടക്കയിൽ വീണു. എൻെറ സ്വപ്നത്തിൻെറ ലഹരി അപ്പോഴും തലയിൽ തങ്ങിനിന്നിരുന്നു. എങ്കിലും സ്നേഹിതനു താക്കോലെടുത്തുകൊടുത്തു. നേരം പുലർന്ന് ഏഴുമണി കഴിഞ്ഞിരുന്നു.

ത്ത് മററാരുമല്ല. ഞാൻ നിന്നോട് പല പ്പോഴും പറയാറില്ലേ മി. ഗിരിയേപ്പററി? അദ്ദേഹമാണ്. എന്തിനു ലജ്ജിക്കുന്നു? എൻെറ സ്നേഹിതന്മാരോട് ഞാൻ എങ്ങനെ അനുവർത്തിക്കുന്നുവോ അതുപോലെ നീയും അവരോടു പെരുമാറണം."

ആ സ്ത്രീ വളരെ പരുങ്ങലോടെ മുകുന്ദൻെറ കസേരയുടെ പിറകിൽ എത്തിച്ചേർന്ന് കുനിഞ്ഞു നിന്നു. മുകുന്ദൻെറ ഭൈമിയെ ഒന്നു നല്ലതുപോലെ കാണണമെന്ന് എനിക്കാഗ്രഹമുണ്ടായിരുന്നു. എന്നാൽ ഒരു പരസ്ത്രീയെ, വിശേഷിച്ചും അവളുടെ ഭർത്താവിൻെറ മുമ്പിൽ വച്ച് അങ്ങനെ കൂസൽകൂടാതെ നോക്കുവാൻ എൻെറ ഹൃദയം അനുവദിച്ചില്ല. എൻെറ കുഴപ്പം കണ്ട് മുകുന്ദൻ പറഞ്ഞു.

"സ്നേഹിതാ! എന്തിനു മടിക്കുന്നു? ഞാൻ ഇരുപതാം നൂററാണ്ടിലെ ഒരു പുരുഷനാണെന്ന് അറിഞ്ഞുകൂടെ? ഭാര്യമാരെ ആരും കാണാമൂലയിൽ സൂക്ഷിച്ചിരുന്ന പണ്ടത്തെ ആദർശം അനുകരണീയമല്ലെന്ന് എനിക്കറിയാം. എൻെറ ഭാര്യയുടെ മേൽ എന്നെപ്പോലെ തന്നെ താങ്കൾക്കും സ്വാതന്ത്ര്യമുണ്ട്. നല്ലതുപോലെ നോക്കികണ്ടുകൊള്ളണം."

കുശലപ്രശ്നാനന്തരം കല്യാണക്കാര്യവും, സംഭാവനലിസ്ററും, ഭൈമിയുടെ ലജ്ജാശീലവും മററും മററും ഞങ്ങളുടെ സംഭാഷണവിഷയമായി. കാപ്പിസമയത്ത് ആ സ്ത്രീയുടെ പരുങ്ങൽ കണ്ട് ഞാൻ പറഞ്ഞു:- "സ്നേഹിതാ! അവരെ എന്തിനു വിഷമിപ്പിക്കുന്നു? അവർ അകത്തുപോകട്ടെ."

"പോരാ. പോരാ. അവൾ കൂടിയില്ലെങ്കിൽ എന്തു രസമാണ്?" അയാൾ അവളെ പിടിച്ച് അടുത്തു കിടന്ന കസേരയിലിരുത്തി കാപ്പികുടിപ്പിക്കുകതന്നെ ചെയ്തു!

ഞാൻ പോരാൻ ഭാവിച്ചപ്പോൾ മി. മുകുന്ദൻ തടഞ്ഞു. "അങ്ങനെ വിടില്ല. മി. ഗിരി! എൻെറ ഭൈമിയെപ്പററി താങ്കൾക്കെന്താണ് അഭിപ്രായം? അതു പറഞ്ഞാൽ പോകാൻ അനുവദിക്കാം."

ഞാൻ:- "അവരുടെ കണ്ണിനെന്താണ്?"

മുകു:-"ഓ. മി. ഗിരി! അതുകൊണ്ടൊരു ഗുണമുണ്ട്. അവൾ എങ്ങോട്ടുനോക്കിയാലും എൻെറ നേരെ കടാക്ഷശരങ്ങൾ പൊഴിച്ചുകൊണ്ടിരിക്കും."

ഞാൻ പൊട്ടിച്ചിരിച്ചുപോയി.

മുകു:—"പിന്നെ എന്താണഭിപ്രായം?"

ഞാൻ:—"പിന്നെ ഒന്നുമില്ല. നിങ്ങൾ അവരെ വഷളാക്കാതിരുന്നാൽ മതി."

ഞാൻ യാത്രപറഞ്ഞു പിരിഞ്ഞു. അന്നത്തെ സുഹൃൽസമ്മേളനത്തെപ്പററി വഴിനീളെ ചിന്തിച്ചും ചിരിച്ചും, ചിരിച്ചും ചിന്തിച്ചും വീട്ടിലെത്തിയപ്പോഴേക്ക് മണി നാലുകഴിഞ്ഞിരുന്നു. എൻെറ ഭാര്യ അക്ഷമ പ്രദർശിപ്പിച്ചുകൊണ്ട് വാതിൽക്കൽ നിൽക്കുന്നതു കണ്ടപ്പോഴാണ് "വേഗം വരണേ" എന്നൊരപേക്ഷയോടെ എന്നെ യാത്രയാക്കിയ വിവരം ഓർമ്മയിൽപ്പെട്ടത്.

"എത്രനേരമായി കാത്തുനിൽക്കുന്നു. അവിടെ പൊറുതികൂടിയെന്നു കരുതിപ്പോയല്ലോ."

ഞാൻ—"എന്നാൽ നീ എന്തുചെയ്യുമായിരുന്നു?"

അവൾ:—"എന്തുചെയ്യാൻ? പെണ്ണുങ്ങളെപ്പോലെ ജീവിക്കും."

ഞാൻ—"ഓഹോ! അപ്പോൾകാണാം. ഓട്ടം പിടിക്കുന്നതു്.".

അവൾ—"അതൊക്കെ പോട്ടെ. ഭൈമി എങ്ങനെയിരിക്കുന്നു?"

ഞാൻ:—"നല്ലതുപോലെ ഇരിക്കുന്നു അല്പം ഒരു കോങ്കണ്ണുള്ളതൊഴിച്ചാൽ ഭൈമിതന്നെ."

... ...

പിന്നീടു മൂന്നുമാസം കഴിഞ്ഞതിനുശേഷമാണു് മുകുന്ദനെ ഞാൻ കണ്ടതു്.

"ഭൈമി എങ്ങനെയിരിക്കുന്നു?" ഞാൻ ചോദിച്ചു. "ലജ്ജയെല്ലാംപോയോ?"

"പമ്പകടന്നു! "അയാൾ ആഹ്ളാദപൂർവ്വം പറഞ്ഞു.

ഞാൻ "വളരെ പണിപ്പെട്ടിരിക്കണമല്ലോ."

മുകു. "പണിപ്പെട്ടെന്നോ? കൊള്ളാം. അതിനെന്താ ഇപ്പോൾ ഒന്നും ഞാൻ പറഞ്ഞുകൊടുക്കേണ്ട. സ്നേഹിതൻ അങ്ങോട്ടൊന്നുവരൂ. എല്ലാം കണ്ടറിയാം"

ഞാൻ. "ആട്ടെ. വരാം."

ഒരു ദിവസം എന്റെ ഭാര്യപറയുകയാണു് "മുകുന്ദന്റെ അങ്ങ് വലിയ വീട്ടുകലഹം. അമ്മായിഅമ്മയും മരുമകളുമായി".

ഞാൻ: "എന്തിനു്?"

ദേവകി "അവൾക്കെല്ലാം ആ വലിയമ്മ തയാറാക്കിക്കൊടുക്കണം. കാലത്തു പാൽക്കാപ്പിയും പലഹാരവും. പിന്നെ കഞ്ഞി. പിന്നെ ചോറു്. വൈകിട്ടു കാപ്പി രാത്രി ഊണു്. ഇങ്ങനെ അവൾ തടിച്ചുകൊഴുത്തു് വെഡ്ഡിങ്ങിണിയെപ്പോലെ ആയി. ആ പാവപ്പെട്ട വലിയമ്മയും രണ്ടു പെൺപിള്ളരും കിടന്നു കഷ്ടപ്പെടുന്നു. അവൾ അയാളോടൊന്നിച്ചു് കിഴക്കുവശത്തു് അയാളുടെ സ്നേഹിതന്മാരെ സൽക്കരിക്കുകയും അവരുമായി സല്ലപിക്കുകയും എന്തൊരു മര്യാദകേട് വലിയമ്മ അയൽക്കാരോട് പരാതി പറഞ്ഞു പറഞ്ഞു് ഇപ്പോൾ വഴക്കിന്മേലായി.

ഞാൻ. എല്ലാം അയാൾ വരുത്തിയതാണു്.

... ...

മി. മുകുന്ദൻ രോഗബാധിതനാണെന്നുകേട്ടു് അന്വേഷണാർത്ഥം ഞാൻ അങ്ങോട്ടുപോയി. അയാളുടെ ഭൈമി എന്നെ സസന്തോഷം സ്വീകരിച്ചു.

ഞാൻ. "മുകുന്ദനെവിടെ?"

ഭൈമി. "ആ മുറിയിലുണ്ടു്. ഇരിക്കണം." അവൾ ഒരു കസേര ചൂണ്ടിക്കാണിച്ചു.

ഞാൻ. "സുഖക്കേടു് എങ്ങനെ ഇരിക്കുന്നു?"

ഭൈമി. (സുസ്മിതം) ഇരിക്കണം പറയാം. ആ കപ്പാടെ എനിക്കു രസിച്ചില്ല. ഞാൻ പിന്നെ ഒന്നും മിണ്ടാതെ അവൾ നിർദ്ദേശിച്ച മുറിയിലേക്കു നടന്നു. അവൾ രോഗിയുടെ സമീപത്തേക്കു് എന്നെ പിന്തുടന്നതേയില്ല!

മുകുന്ദനു് പൂർണ്ണാരോഗ്യം ലഭിച്ചപ്പോഴേക്കും മൂന്നുമാസം കഴിഞ്ഞു. പിന്നീടു കുറെദിവസങ്ങളിലേക്കു് അവിടത്തെ വിശേഷങ്ങൾ അറിയുവാൻ എനിക്കു സാധിച്ചില്ല. അങ്ങനെയിരിക്കെ ഒരു ദിവസം ആ വാർത്ത ദേവകി എന്നെ അറിയിച്ചു.

"മുകുന്ദൻ ഭൈമിയെ ഉപേക്ഷിച്ചു"

ഞാൻ. "എങ്ങനെ?"

അവൾ. "രജിസ്റ്റർ രേഖാമൂലം"

ഞാൻ. "അങ്ങനെയാണു് സംസ്ക്കാരമുള്ളവർ."

സദാനന്ദവൈദ്യശാല

H. O. സദാനന്ദപുരം, കൊട്ടാരക്കര

ശാഖകൾ: കൊട്ടാരക്കര, കോട്ടയം, കുണ്ടറ, കിഴക്കേവൽപ്പടി, നാടരശൻകോട്ട.
ബ്രഹ്മശ്രീ സദാനന്ദസ്വാമി സന്നിധാനത്തിൽ നിന്നും ൧൦൮൦-ൽ സ്ഥാപിച്ചതു്.

ശ്രീമത് സ്വാമി ആത്മാനന്ദഭാരതി തൃപ്പാദങ്ങളുടെ മേൽനോട്ടത്തിൽ ഔഷധങ്ങൾ സംസ്ക്കരിക്കപ്പെട്ടുവരുന്നു. ഒരു ലിമിറ്റഡ് കമ്പനി (S. A. M. S. Ltd) യാൽ നടത്തപ്പെട്ടുവരുന്ന ഏക വൈദ്യസ്ഥാപനം. സംസ്കൃതൗഷധങ്ങൾക്കു പുറമേ അങ്ങാടിമരുന്നുകൾ, മേൽമരുന്നുകൾ, ശുദ്ധമായ എണ്ണ, നെയ്യ് തുടങ്ങിയവയും ഉത്തമമായ രീതിയിൽ സംഭരിച്ചു വിതരണം ചെയ്തുവരുന്നു. ചികിത്സയ്ക്കായി ഹെഡാഫീസിൽ (ആശ്രമത്തിൽ) വരുന്നവർക്കു താമസിക്കാൻ സൗകര്യം നൽകുന്നതാണ്. കത്തുമൂലം രോഗവിവരം അറിയിക്കുന്നവർക്കു മരുന്നു നിശ്ചയിച്ചു യഥാകാലം മറുപടി അയയ്ക്കും.

The S. A. M. S. Ltd. സദാനന്ദപുരം, കൊട്ടാരക്കര.

സ്വരാജ്യഫാർമസി

(കൽക്കട്ടായിൽ റജി: ചെയ്യപ്പെട്ടതു്.)

ച്യവനപ്രാശം

ആരോഗ്യപൂർണ്ണമായ ജീവിതസുഖത്തെ കാംക്ഷിക്കുന്ന സ്ത്രീപുരുഷന്മാർ ഞങ്ങളുടെ സുപ്രസിദ്ധമായ "ച്യവനപ്രാശം" പതിവായി ശീലിക്കുവിൻ! വിദ്യാർത്ഥികൾക്കു ഏററവും ഫലപ്രദം. പരീക്ഷിക്കുവിൻ!

അജമാംസരസായനം

ആരോഗ്യത്തേയും ശരീരബലത്തേയും നിലനിർത്തുവാൻ പ്രത്യേകസിദ്ധൌഷധം ഇതുതന്നെയാണ്. പ്രസവരക്ഷയ്ക്കു ഇതിന്മീതെ യാതൊരൗഷധവും ആവശ്യമില്ല.

നിങ്ങളുടെ രോഗവിവരങ്ങൾ വിശദമായി അറിയിക്കുന്നതായാൽ ശാസ്ത്രീയമായി ചികിത്സ നിശ്ചയിച്ചു ഔഷധങ്ങൾ വി. പി. അയച്ചുതരാവുന്നതാണ്. പുതിയ വില വിവരപ്പട്ടികയ്ക്കു എഴുതുക.

H. O. ആലുവാ. ബ്രാഞ്ച് എറണാകുളം

Reg. No. T. 87 M. 3203. L. No. 426. Dated 16—3—43.

സ്ത്രീലോകത്തിന് ഒരു ഉത്തമഅനുഗ്രഹം

"പുഷ്പാ"

ഗർഭാശയസംബന്ധമായ എല്ലാ രോഗങ്ങളേയും ശമിപ്പിക്കും. വിശേഷിച്ച് ഗർഭാശയത്തിന്റെ സ്വീകരണക്കുറവ്. സ്ഥാനഭ്രംശം ഇതുകളെ പരിഹരിക്കും. തീണ്ടാരിക്കാലങ്ങളിൽ ഉണ്ടാകുന്ന വയററിൽവേദന, അസ്ഥിസ്രാവം, ജലസ്രാവം, പഴകിയ രക്തംപോക്ക് (പ്രദരം) ഇതുകളെ നിശ്ശേഷം ശമിപ്പിച്ച് ആരോഗ്യത്തെയും സൌന്ദര്യത്തേയും ഒന്നുപോലെ വർദ്ധിപ്പിച്ച് യൌവ്വനത്തെ നിലനിർത്തും. വന്ധ്യകളെന്നു വിചാരിക്കുന്നവർ ഈ രസായനൌഷധം ഉപയോഗിച്ച് ഗർഭധാരണശക്തിയെ സമ്പാദിപ്പിൻ.

16 ഔ. കുപ്പി 1-ക്ക് 5 ക.മാത്രം. പാക്കിങ്ങ്, തപാൽക്കൂലി പുറമെ.

"ഭാരതഗർഭരക്ഷാ ഗുളിക"

ഗർഭകാലങ്ങളിൽ സ്ത്രീകൾക്കുണ്ടാകുന്ന ഛർദ്ദി, അരുചി, ക്ഷീണം, വിളർപ്പ്, വയററിലും, അരക്കെട്ടിലും വേദന, ചുമ, ശ്വാസം മുട്ടൽ, തലവേദന, കൈകാൽ തളർച്ച, പനി, മുതലായ രോഗങ്ങളെ ശമിപ്പിച്ച് ശരീരത്തിന് ആരോഗ്യവും, മനസ്സിന് ഉന്മേഷവും നല്കി ഗർഭസ്ഥശിശുവിനെ യഥാക്രമം സംരക്ഷിച്ച് പ്രസവത്തെ സുഖകരമാക്കിത്തീർക്കുകയും ചെയ്യുന്നു; ഉപയോഗക്രമം ഔഷധസഹിതം.

100 ഗുളിക അടങ്ങിയ കുപ്പി
1-ക്ക് 5 ക. പാക്കിങ്ങ്,
തപാൽ ചിലവ് പുറമെ.

ഭാരതവൈദ്യശാല (റെജിസ്റ്റേർഡ്)

ESTD 1919.

ചാലക്കുടി, A. O. & P. O. കൊച്ചിൻസ്റ്റെയിററ്.

Printed at the St. Joseph's Printing House, & Published